
# ലോകത്തിൽ ഉപ്പ്



# ഒരു പുതിയ മലയാള മാസിക

പുതിയ ഒരു മലയാള മാസികയായ ബൈബിൾ ട്രൂത്തിന്റെ പ്രഥമലക്കത്തോടുകൂടെ നിങ്ങൾക്കു ക്രിസ്തുയേശുവിന്റെ നാമത്തിൽ ഞങ്ങളുടെ സന്തോഷപ്രദമായ വന്ദനം.

ചർച്ച് ഓഫ് ക്രൈസ്റ്റിന്റേതായ ഒരു മലയാള മാസിക ഇതിനുമുൻപ് പ്രസിദ്ധീകരിച്ചിരുന്നതായി നിങ്ങളിൽ ചിലർ അറിഞ്ഞിരിക്കാം. എന്നാൽ ആ പത്രാധിപകുടുംബം കേരളം വിട്ടുപോയതിനാൽ അതു റദ്ദാക്കേണ്ടിവന്നു. അതുകൊണ്ട് ആ വിടവു നികത്തുവാൻ ഈ പുതിയ മാസിക കേരളത്തിനകത്തും പുറത്തും മലയാളം സംസാരിക്കുന്ന ഏവർക്കും യേശുക്രിസ്തുവിന്റെ സുവിശേഷം വിശ്വസ്തതയോടെ ഉൽഘോഷിക്കുന്ന ഒരുത്തമ മലയാള പ്രസിദ്ധീകരണമായിരിക്കും.

32 പേജുകളുള്ള ഈ മാസികയുടെ പേർ "ബൈബിൾ ട്രൂത്ത്" എന്നായിരിക്കും. ഇന്ത്യാഗവൺമെന്റിന്റെ അംഗീകാരം ഇതിനുലഭിച്ചിട്ടുണ്ട്. ആദ്യത്തെ ചില ലക്കങ്ങൾക്കു ശേഷം കുറഞ്ഞനിരക്കിലുള്ള തപാൽ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാസിക എല്ലാവർക്കും ലഭ്യമാക്കുവാൻ ശ്രമിക്കും.

വേൾഡ് ലിറ്ററേച്ചർ പബ്ലിക്കേഷൻസിനാൽ, ചർച്ച് ഓഫ് ക്രൈസ്റ്റിനുവേണ്ടി ഓരോ മാസവും ബൈബിൾ ട്രൂത്ത് അച്ചടിക്കുന്നതാണ്. ബ്രദർ. പി.കെ. വർഗ്ഗീസും മറ്റുസ്റ്റാഫും ചേർന്നു ഈ മാസിക അയക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. വായനക്കാരെ ദൈവേഷ്ടമെന്തെന്നു അറിയിക്കുകയും തികച്ചും പുതിയനിയമക്രിസ്ത്യാനിത്വത്തിലേക്കു മടങ്ങിവരുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്.

ഈ മാസിക തുടർച്ചയായി കിട്ടണമെന്ന് നിങ്ങൾആഗ്രഹിക്കുമെന്നും ശ്രദ്ധയോടെ ഇത് വായിച്ചു നിങ്ങളുടെ സ്നേഹിതന്മാർക്ക് നൽകുമെന്നും പ്രത്യാശിക്കുന്നു. ഈ വിധത്തിൽ ഞങ്ങൾ നിങ്ങളെ സേവിച്ചുകൊണ്ടു ആത്മാക്കളുടെ രക്ഷക്കുംദൈവനാമ മഹത്വത്തിനുമായി അനേക നല്ല ഫലം പുറപ്പെടുവിക്കുമെന്നു പ്രത്യാശിക്കട്ടെ.

**J. C. Choate, Director**
**World Literature Publication**
March 19, 1987

# ബൈബിൾ ട്രൂത്ത്

*Editors:*
**P. K. VARGHESE**
**J. C. CHOATE**

***        ***        ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 1        April 1987        No. 1

ദൈവീക പരിജ്ഞാനം മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് മലയാളത്തിൽ ഒരു മാസിക ഇറക്കണമെന്നുള്ള എന്റെ ചിരകാലാഭിലാഷം സാക്ഷാത്കരിക്കപ്പെട്ടതിൽ ദൈവത്തെ സ്തുതിക്കുന്നു. ഒരു മതവിഭാഗത്തെയും വൃണപ്പെടുത്തുവാനോ തരം താഴ്ത്തുവാനോ അല്ല ഇതിൽകൂടെ ഞങ്ങൾ ശ്രമിക്കുക്കുന്നത്, മറിച്ച് ബൈബിൾ സംബന്ധമായ അറിവില്ലാത്തവരെ ഗ്രഹിപ്പിക്കുക എന്നതാണ്. തുറന്ന സത്യം വ്യക്തമാകുമ്പോൾ വിമർശനമെന്നു തോന്നിയാൽ അതിനുത്തരവാദി വിലയിരുത്തുന്നവരായിരിക്കും. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽ ഇന്ന് മനുഷ്യരെ ഭരിച്ചുകൊണ്ടിരിക്കുകയാണ് നിഷ്പ്രയോജനമായ ഈ ആത്മീയമായ ക്രിയകൾ ചെയ്യിച്ചു ആത്മാക്കളെ തൃപ്തരാക്കിവരികയാണ് ബഹുഭൂരിപക്ഷവും. ഇതിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ എല്ലാം ബൈബിളിനെ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ്. വായനക്കാർ അതെല്ലാം നിഷ്പക്ഷമായി വായിച്ച് ഗ്രഹിച്ച് ജീവിതത്തിൽ പ്രാവൃത്തികമാക്കി തീർക്കുക. അങ്ങനെ നിങ്ങൾക്കും നിങ്ങൾ വസിക്കുന്ന ഭവനത്തിനും സമൂഹത്തിനും ധന്യമായ അനുഗ്രഹാനുഭൂതി കൈവരിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്, സഹൃദയരായ എല്ലാവരുടേയും നിരന്തരമായ സഹകരണവും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിച്ചു കൊണ്ട് പ്രാർത്ഥനയോടെ, താഴ്മയോടെ ഇതു സമർപ്പിക്കുന്നു.

പി. കെ. വർഗ്ഗീസ്

# "ദൈവത്തെ അനുസരിക്കേണ്ട സമയം - ഒരുവൻ ദൈവഹിതം അറിയുമ്പോൾ" !

"ഞാൻ ഉദ്യോഗത്തിൽ നിന്നും വിരമിച്ച ഉടൻ മറ്റു തടസങ്ങളൊന്നുമില്ലാതെ ദൈവ വേലചെയ്യണമെന്നാഗ്രഹിക്കുന്നു. എനിക്കറിയാം ഞാൻ സുവിശേഷം അനുസരിക്കേണ്ടത് അത്യാവശ്യമാണ്. പക്ഷേ അതിനുമുൻപ് ചെയ്ത് തീർക്കേണ്ട മറ്റു ചിലതും കൂടി ഉണ്ട്."

പലപ്പോഴും ഇത്തരത്തിൽ ഏറ്റവും പ്രധാനമേറിയതും, ഉടൻ ചെയ്യേണ്ടതുമായ പല സംഗതികളും ഏറ്റവും ഒടുവിലായി തള്ളപ്പെടുന്നു. ക്രിസ്തു പറഞ്ഞു- "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ-" (മത്തായി 6:33) ഇതിനെക്കാളും വലുതായി മറ്റൊന്നുമില്ല എന്ന് ക്രിസ്തു ഇവിടെ വ്യക്തമാക്കുന്നു.

യേശുക്രിസ്തു കല്പിച്ച സംഗതികൾ ഒഴിവാക്കുന്നവർ അതിന്റെ അത്യാവശ്യകതയെ അവഗണിക്കകൂടി ചെയ്യുന്നു. "ഒരിക്കൽ ഞാൻ അതുചെയ്യും. അതിനായി ഒരു ദിവസം ഞാൻ കാത്തിരിക്കുന്നു" "സമയമുണ്ട്. ധൃതിവെക്കേണ്ടകാര്യമില്ല" എന്ന ഒഴിവുകഴിവുകൾ അവർ ഉപയോഗിക്കുന്നു.

മേരി എന്ന പെൺകുട്ടിയുടെ കഥ ഇപ്രകാരം പറയുന്നു-

മേരിയുടെ ആന്റി മേരിയെ ക്രിസ്ത്യാനിയാക്കുവാൻ വളരെയധികം നിർബന്ധിക്കയുണ്ടായി. പക്ഷേ മേരി ആന്റിയുടെ നിർബന്ധത്തിന് വഴങ്ങുവാൻ കൂട്ടാക്കിയില്ല "ഞാൻ പ്രായമായി വയസ്സാകുമ്പോൾ ക്രിസ്തുവിനെ സ്വീകരിച്ചുകൊള്ളാം" എന്ന് മേരി പറഞ്ഞു.

കുറച്ചുദിവസങ്ങൾ കഴിഞ്ഞു ഒരു ദിവസം മേരിയുടെ മാതാവ് അസുഖമായി കിടപ്പിലായി. അമ്മക്ക് കൊടുക്കുവാനായി മേരി ചില നല്ല ഇനം പുഷ്പങ്ങൾക്കു ഓർഡർ നല്കി വീട്ടിലേക്കുവന്നു. വീട്ടിൽ വന്നു അമ്മയുടെ മുറിയിലേക്ക് ചെന്നപ്പോൾ പുഷ്പങ്ങൾ അവിടെ കാണാനുണ്ടായിരുന്നില്ല.

"പൂക്കാരൻ പൂക്കളെ കൊടുത്തയച്ചില്ലേ?" എന്ന് മേരി ആന്റിയോട് ആരാഞ്ഞു.

"കൊടുത്തയച്ചു. അത് ഞാൻ താഴെ അടുക്കളയിൽ സൂക്ഷിച്ചിരിക്കുകയാണ്. അതിന്റെ ഭംഗി നഷ്ടപ്പെട്ട് ഉണങ്ങികഴിയുമ്പോൾ നിന്റെ അമ്മയുടെ മുറിയിലേക്ക് അത് കൊണ്ടുവയ്ക്കാം." എന്ന് ആന്റി ഉത്തരം പറഞ്ഞു.

മേരി ഒരു ചെറിയ ഞെട്ടലോടെയാണ് അത് ശ്രവിച്ചത്. "പരിമളം പരത്തുന്നതും ഭംഗിയായും ഇരിക്കുന്ന സമയത്താണ് പുഷ്പങ്ങൾ എന്റെ മാതാവിന് കൊടുക്കേണ്ടത്, ഉണങ്ങി ശോഭയില്ലാത്ത പൂക്കൾ കൊണ്ടു കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ അമ്മയെ ഞാൻ അധികം സ്നേഹിക്കുന്നു", മേരി ഒരുവിധം പറഞ്ഞവസാനിപ്പിച്ചു.

ഓഹോ! - ആൻറി തുടർന്നു- "നീ പറഞ്ഞുവല്ലോ നീ പ്രായമായി വയസ്സാകുമ്പോഴാണ് യേശുവിന് നിന്റെ ജീവിതം കൊടുക്കുന്നത് എന്ന്, ഞാൻ വിചാരിച്ചു, നിന്റെ മാതാവിന് നീ കൊടുക്കുന്ന ഈ സമ്മാനവും അപ്രകാരം തന്നെയായിരിക്കുമെന്ന്".

മേരിക്ക് തന്റെ തെററ് ബോദ്ധ്യമായി.. പശ്ചാത്താപത്തോടെ അവൾ ആൻറിയോട് ഇപ്രകാരം പറഞ്ഞു. "ശരിയാണ്, ക്രിസ്തുവിനോട് മാന്യമല്ലാത്ത രീതിയിലാണ് ഞാൻ പെരുമാറിയത്. പൂർണ്ണ ആരോഗ്യവതിയായിരിക്കുമ്പോൾ, നല്ല പ്രായത്തിൽതന്നെ, ക്രിസ്തുവിന് ഈ ജീവിതം നല്കി ഞാൻ അവനെ സേവിക്കും. ഇന്നും, എന്നും ഞാൻ എന്നെ അവനായി സമർപ്പിക്കാം."

ജ്ഞാനിയായ ശലോമോൻ ഇപ്രകാരം എഴുതി "നിന്റെ യൌവനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക" (സഭാപ്രസംഗി 12:1).

യുവാവായ തിമോഥെയോസിനെ പൗലോസ് ഇപ്രകാരം പ്രബോധിപ്പിക്കുകയുണ്ടായി- "ആരും നിന്റെ യൌവനം തുച്ഛീകരിക്കരുത്, വാക്കിലും, നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക (1തിമോഥെയോസ് 4:12). ഒരു വ്യക്തി ദൈവഹിതത്തെ അനുസരിക്കേണ്ടത് ആ വ്യക്തി ദൈവഹിതമെന്ത് എന്ന് മനസിലാക്കുമ്പോൾ ആണ് എന്ന് ഈ രണ്ട് എഴുത്തുകാരും ഓർമ്മിപ്പിക്കുന്നു.

# കർത്താവിന് ഞാൻ എന്തു പകരം കൊടുക്കും?

യിസ്രായേലിന്റെ സങ്കീർത്തനക്കാരൻ ഇപ്രകാരം പാടി "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തു പകരം കൊടുക്കും?" (സങ്കീർത്തനം 116:12). മററുള്ളവർ എന്തു കൊടുക്കുമെന്നല്ല ഞാൻ എന്തുകൊടുക്കുമെന്നാണ് കവി ചൂണ്ടി കാട്ടുന്നത്. പലപ്പോഴും നാം നമ്മുടെ കടപ്പാടുകൾ അവഗണിച്ചുകൊണ്ടും മറന്നും മററുള്ളവർ ചെയ്യുന്നതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ കൂട്ടു

ജലായി ശ്രദ്ധിക്കാറുണ്ട്. നാം ഒരിക്കലും ന്യായവിസ്താരത്തിൽ മറ്റുള്ളവർക്കുവേണ്ടി ഉത്തരം പറയാൻ നിൽക്കേണ്ടി വരില്ല. നാം ചെയ്ത പ്രവർത്തികൾക്കു മാത്രം നാം ഉത്തരവാദികളായിത്തീരും. തികച്ചും വ്യക്തിപരമായ ഒരുവസ്തുതയാണ് ന്യായവിധി.

ദൈവത്തിൽ നിന്ന് അനുഭവിച്ച അനുഗ്രഹങ്ങൾ ദാവീദിനെ ദൈവത്തെ കൂടുതൽ അന്വേഷിക്കുന്നതിനു ഇടയാക്കി. എവിടെ നിന്നാണ് അനുഗ്രഹങ്ങൾ വരുന്നതെന്ന് ദാവീദിനറിയാമായിരുന്നു. യാക്കോബ് ഇപ്രകാരം എഴുതി- ''എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു, വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു.'' (യാക്കോബ് 1:17). ഒരു സന്ദർഭത്തിൽ സങ്കീർത്തനക്കാരൻ എഴുതി-'' നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവു വാഴ്ത്തപ്പെടുമാറാകട്ടെ. (സങ്കീർത്തനം 68:19). പന്നി എപ്രകാരം തലയുയർത്തി നോക്കുവാൻ മിനക്കെടാതെ ജീവിക്കുന്നുവോ അപ്രകാരം അനേകർ എല്ലാ അനുഗ്രഹങ്ങളുടേയും ദാതാവായ ദൈവത്തെ നന്ദിയുള്ള ഹൃദയത്തോടെ കാണുവാൻ കഴിയാതെ ജീവിക്കുന്നു.

സങ്കീർത്തനക്കാരനായ ദാവീദ് ആരാഞ്ഞതുപോലെ നാം ഓരോരുത്തരും- 'യഹോവ എനിക്കു ചെയ്ത ഉപകാരങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും' എന്ന് ആത്മാർത്ഥതയോടെ അന്വേഷിക്കേണ്ടതാണ്. ദൈവം പല തരത്തിലാണ് നമ്മെ അനുഗ്രഹിച്ചിരിക്കുന്നത്. ഓരോ വർഷവും പുതിയ പ്രത്യാശകളും വാഗ്ദാനങ്ങളുമായി കടന്നുവരുന്നു. നല്ല ആരോഗ്യം തുടങ്ങി എത്രയെത്ര അനുഗ്രഹങ്ങൾ. ഇവയെല്ലാററിനുമുപരിയായി, ക്രിസ്തുവിൽ ആയി തീർന്ന ഒരുവൻ ഏററവും അനുഗ്രഹിക്കപ്പെട്ടവൻ. ''സ്വർഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ.'' (എഫേസ്യർ 1:3).

ഇങ്ങനെയെങ്കിൽ നമുക്ക് ദൈവത്തോട് എത്രമാത്രം കടപ്പാടുണ്ട്. ദൈവത്തിന് ഒന്നും കൊടുക്കാതെ കഴിയുവാൻ സാധിക്കുമോ? അനേകർ Dead Sea- അഥവാ ചാവു കടലിനെപ്പോലെ എപ്പോഴും സ്വീകരിക്കുന്നു. പക്ഷെ ഒരിക്കലും ആരെയും സഹായിക്കുന്നില്ല. യേശുക്രിസ്തു ഇപ്രകാരം സൂചിപ്പിച്ചു ''വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം (പ്രവർത്തികൾ 20:35). തൻെറ അപ്പോസ്തലന്മാരോട് ക്രിസ്തു പറഞ്ഞു'' സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുപ്പിൻ (മത്തായി 10:8). കൂടാതെ ലൂക്കോസ് 12:48-ൽ ''വളരെ ലഭിച്ചവനോടു വളരെ ആവശ്യപ്പെടും, അധികം ഏററുവാങ്ങിയവനോട് അധികം ചോദിക്കും.'' എന്നും ക്രിസ്തു ഓർമ്മിപ്പിക്കുകയുണ്ടായി.

ഇന്നത്തെ സാഹചര്യങ്ങളിൽ നിന്നും വിഭിന്നമായ ഒരുതരത്തിൽ പ്രാചീനമായ കാലഘട്ടത്തിലാണ് ദാവീദ് രാജാവ് ജീവിച്ചിരുന്നത്. അരവ്നാ എന്ന മനുഷ്യൻ യഹോവെക്ക് യാഗത്തിനുള്ള കാളകളെയും, കളവും ദാനമായി രാജാവിന് നൽകാമെന്ന് സമ്മതിച്ചപ്പോൾ ദാവീദ് രാജാവ് ഇപ്രകാരം പറഞ്ഞു-"അങ്ങനെയല്ല, അതു ഞാൻ നിന്നോട് വിലെക്കേ വാങ്ങുകയുള്ളൂ, എനിക്ക് ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവെക്ക് ഹോമയാഗം കഴിക്കയില്ല-" (2 ശമുവേൽ 24:24).

മിച്ചം വന്നതാണോ നാം ദൈവത്തിന് നൽകേണ്ടത്? പ്രവാചകനായ മലാഖിയുടെ നാളുകളിൽ യിസ്രായേൽ ജനത, തങ്ങളുടെ ആവശ്യം കഴിഞ്ഞു ബാക്കിവന്നത് യഹോവെക്ക് സമർപ്പിച്ചു. യഹോവ ഇപ്രകാരം അവരോട് ചോദിച്ചു - "നിങ്ങൾ എന്റെ യാഗപീഠത്തിൻമേൽ മലിനഭോജനം അർപ്പിക്കുന്നു, എന്നാൽ നിങ്ങൾ, ഏതിനാൽ ഞങ്ങൾ നിന്നെ മലിനമാക്കുന്നു എന്നു ചോദിക്കുന്നു. യഹോവയുടെ മേശ നിന്ദ്യം എന്നു നിങ്ങൾ പറയുന്നതിനാൽ തന്നെ. നിങ്ങൾ കണ്ണുപൊട്ടിയതിനെ യാഗം കഴിപ്പാൻ കൊണ്ടുവന്നാൽ അതു ദോഷമല്ല, നിങ്ങൾ മുടന്തും ദീനവുമുള്ളതിനെ അർപ്പിച്ചാൽ അതും ദോഷമല്ല, അതിനെ നിന്റെ ദേശാധിപതിക്കു കാഴ്ച വെക്കുക; അവൻ പ്രസാദിക്കുമോ? നിന്നോടു കൃപതോന്നുമോ? എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." (മലാഖി 1:7-8).

മിച്ചം വരുന്നത് ദൈവത്തിന് കൊടുക്കുന്നതിനായി പലരും ആസൂത്രണം ചെയ്യാറുണ്ട്. ശരിയായ ഭാഗം ഒരിക്കലും ദൈവത്തിന് കൊടുക്കുവാൻ അങ്ങനെയുള്ളവർ ആഗ്രഹിക്കുന്നില്ല. പൗലോസ് ഇപ്രകാരം എഴുതി "ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന്നു ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം." (1 കൊരിന്ത്യർ 16:2).

നമ്മൾ അലസമനോഭാവത്തോടെയല്ല, ആസൂത്രിതമായി, ലക്ഷ്യത്തോടുകൂടി_ സന്തോഷത്തോടെ നമ്മുടെ ദാനങ്ങൾ ഒരുക്കിവെയ്ക്കണം എന്ന് തിരുവചനം പ്രബോധിപ്പിക്കുന്നു. (2 കൊരി 9:7). ഏറ്റവും ഗുണമുള്ളതും, മുഖ്യവുമായ അംശമാണ് ദൈവത്തിന് കൊടുക്കേണ്ടത്, ഏറ്റവും നല്ലത്.

ക്രിസ്തുവിന്റെ സഭയുടെ വളർച്ചയ്ക്കുവേണ്ടി നമ്മുടെ ഒഴിവു സമയം എന്തുകൊണ്ടു നൽകി കൂടാ? അനേകം ക്രിസ്ത്യാനികൾക്ക് ആവശ്യത്തിലധികം ഒഴിവു സമയവും സമ്പത്തും ഉണ്ട്. പക്ഷെ ദൈവത്തിന്റെ സഭയ്ക്കുവേണ്ടി അത് ഉപയോഗിക്കുവാൻ അവർ മടിക്കുന്നു. സഹോദരങ്ങളെ സന്ദർശിക്കുന്നതിന് പലരും മടിക്കുന്നു. എന്തെന്നാൽ, സഹോദരൻമാരെ, ഒരു മനുഷ്യൻ വല്ല തെററിലും അകപ്പെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗ

മൃതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ, നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക (ഗലാത്യർ 6:1) എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു.

ഈ അവസ്ഥയിലുള്ളവരെ നിങ്ങൾ എപ്പോഴെങ്കിലും സന്ദർശിക്കാറുണ്ടോ? തിരുവചനം പഠിക്കുന്നതിനും ആരാധനയ്ക്കും നിങ്ങൾ ആരെയെങ്കിലും ക്ഷണിക്കാറുണ്ടോ? (മത്തായി 25:31_46).

സുവിശേഷത്തിന്റെ പ്രചരണത്തിനായി നിങ്ങളുടെ കഴിവുകളെ എന്തുകൊണ്ടു ഉപയോഗിച്ചുകൂടാ! ന്യായാധിപന്റെ മുമ്പിൽ നമ്മുടെ കഴിവുകളെ പററിയുള്ള കണക്ക് ബോധിപ്പിക്കേണ്ട സമയം അടുത്തിരിക്കുന്നു. (മത്തായി 25:14-30).

വ്യവസായം വർദ്ധിപ്പിക്കുന്നതിനായി സ്വന്തം കഴിവുകൾ എല്ലാവരും ഉപയോഗിക്കാറുണ്ട്. പക്ഷെ ദൈവത്തിന്റെ വേലയുടെ വർദ്ധനയ്ക്കായി ആരും തന്റെ കഴിവുകൾ ഉപയോഗിക്കുന്നില്ല. കുഞ്ഞുങ്ങളെ കുറിച്ചും ഭർത്താവിനെക്കുറിച്ചും വളരെയധികം കരുതുന്ന പല സ്ത്രീകളും ദൈവത്തിന്റെ സഭയുടെ വളർച്ചയ്ക്ക് സഹായമാകുന്ന പല പ്രവർത്തികളിൽനിന്നും വിട്ടുനിൽക്കുന്നു.

മുടക്കംവരാതെ ദൈവത്തിനുവേണ്ടി നമ്മുടെ സമ്പത്ത് എന്തുകൊണ്ട് നൽകിക്കൂടാ! "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വച്ചുകൊള്ളേണം" (1 കൊരി 16:2).

പ്രവാചകനായ മലാഖിയുടെ നാളുകളിൽ മനുഷ്യർ ദൈവത്തെ തോൽപ്പിക്കുവാൻ ശ്രമിക്കുന്നതായി കാണാം. മനുഷ്യനു ദൈവത്തെ തോൽപ്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോൽപ്പിക്കുന്നു. എന്നാൽ നിങ്ങൾ ഏതിൽ ഞങ്ങൾ നിന്നെ തോൽപ്പിക്കുന്നു എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നേ. നിങ്ങൾ ഈ ജാതി മുഴുവനും തന്നേ, എന്നെ തോൽപ്പിക്കുന്നതുകൊണ്ടു നിങ്ങൾ ശാപഗ്രസ്തരാകുന്നു. എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു. സ്ഥലം പോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. (മലാഖി 3:8-11).

പുതിയ നിയമപ്രകാരം നാം ദൈവത്തിന് കൊടുക്കേണ്ടത് കൊടുക്കാതെ വരുമ്പോൾ നാം ദൈവത്തെ തോൽപ്പിക്കുന്നു എന്ന കുററത്തിൽ അകപ്പെടുന്നു. അഥവാ ദൈവത്തിനുള്ളത് മോഷണം ചെയ്യുന്നു.

സംഘടിതമായ മോഷണങ്ങളൊന്നും നിങ്ങൾ ചെയ്തിട്ടില്ല എന്നു വാദിക്കാം. പക്ഷെ ദൈവത്തിന് നൽകേണ്ടതു നൽകാതെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നതു വഴി. നാം മോഷണകുററത്തിൽ അകപ്പെടുന്നു.

# എന്താണ് സുവിശേഷം?

നമുക്ക് സുവിശേഷം നൽകുന്നതിനായി ദൈവം എന്തു ത്യജിച്ചുവെന്നു ചിന്തിക്കുന്നതിന് ആരും മിനക്കെടാറില്ല. സുവിശേഷം നമുക്ക് ലഭ്യമാകുന്നതിന് ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവ കൂടാതെ മററു പലതും അടങ്ങിയിരിക്കുന്നു.

ക്രിസ്തു ഭൂമിയിലേക്ക് വന്നു നമ്മുടെ പാപങ്ങൾക്കു പകരമായി മരിക്കുന്നതിനു മുൻപ് ക്രിസ്തു എവിടെയായിരുന്നു? സുവിശേഷം മനസിലാക്കുന്നതിന് ഈ അറിവ് ആവശ്യമാണ്. തിരുവചനപ്രകാരം അവൻ ദൈവത്തോടു കൂടെയായിരുന്നു. ദൈവം ആദിയിൽ ആകാശത്തെയും ഭൂമിയേയും സൃഷ്ടിച്ചപ്പോൾ "നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" എന്നു പറയുകയുണ്ടായി. (ഉല്പത്തി 1:26).

ക്രിസ്തു ദിവ്യത്വത്തിലെ ഒരു വ്യക്തിയായിരുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ ക്രിസ്തു ദൈവത്തിനോടൊപ്പം ഉള്ളതായി കാണുന്നു. പുതിയനിയമത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു, (യോഹന്നാൻ 1:1-3,14). "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി, ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല . . . വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസായി കണ്ടു."

കന്യക മറിയാമിൽ കൂടെ ഗർഭം ധരിക്കുന്നതിനു മുൻപുള്ള യേശുക്രിസ്തുവിനെക്കുറിച്ച് "വചനം" എന്ന് വ്യക്തമായി സൂചിപ്പിക്കുന്നു.

വചനം ആദിമുതൽ തന്നെ നിത്യതയോളം ഉള്ളതായും സൃഷ്ടി നടക്കുന്ന സമയത്ത് ഈ വചനം ഉള്ളതായും, അത് ദൈവത്തോട് ഏകീഭവിച്ചിരുന്നതായും വ്യക്തമായിരിക്കുന്നു. ക്രിസ്തു തന്റെ മനുഷ്യാവതാരത്തിനു മുൻപ് ത്രിത്വത്തിൽ അഥവാ ദൈവികത്വത്തിലെ അംഗമായിരുന്നു (റോമർ 1:20). പക്ഷെ നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗീയമായ തന്റെ മഹിമകളെല്ലാം ഉപേക്ഷിച്ചു തന്റെ സ്വന്തഇഷ്ടത്താൽ സ്വർഗ്ഗം വിട്ട് ഭൂമിയിലേക്ക് വരുകയും മനുഷ്യരുടെ ഇടയിൽ പാർക്കുകയും ചെയ്തു. ഓരോ വ്യക്തിയും

ചിന്തിക്കേണ്ട ഒരു വസ്തുതയാണിത്. അതു മാത്രമല്ല, പൗലോസ് ഫിലിപ്പിയർക്ക് എഴുതിയതുപോലെ ''അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു'' (ഫിലിപ്പിയർ 2.6–8).

'ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വംമുറുകെ പിടിക്കേണംഎന്നു വിചാരിക്കാതെ' എന്ന വസ്തുത വളരെയധികം ഉന്നതമായ ഒരു അനുസരണമാണ്. സാധാരണ മനസ്സുകൾക്ക് ഗ്രഹിക്കാവുന്നതിനുമപ്പുറം. എബ്രായ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. ''അവൻ അവന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും ..''അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു'' എന്ന് കൊലൊസ്യർ 1:15 ലും പറയുന്നു.

ഇതൊക്കെയായിരുന്നിട്ടും അവൻ താൻ അനുഭവിച്ചിരുന്ന എല്ലാ സ്വർഗീയ മഹിമകളും ഉപേക്ഷിച്ചു. പിതാവിന്റെ സിംഹാസനം മാററിവെച്ച് മനുഷ്യരൂപത്തിൽ വന്നു. അവൻ മനുഷ്യരൂപം എടുക്കുക മാത്രമല്ല. മനുഷ്യസ്വഭാവവും സ്വീകരിച്ചു. 'ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാത്തതിനെ(സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും, പാപം നിമിത്തവും അയച്ചു, പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു'' (റോമർ 8.3).

എബ്രായ ലേഖകൻ ഇപ്രകാരം എഴുതുന്നു– അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദരൻമാരോടു സദൃശ്യനായി തീരുവാൻ ആവശ്യമായിരുന്നു. താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു.' (എബ്രായർ 2:17,18).

കൂടാതെ 4-ാം അദ്ധ്യായം 15-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു ''നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപംകാണിപ്പാൻ കഴിയാത്തവനല്ല, പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്

തേജസിലും മഹിമയിലും വസിച്ചിരുന്ന ക്രിസ്തു മനുഷ്യരൂപം ധരിച്ചത് ഒരു അപമാനമായി കരുതിയില്ല. സത്യസന്ധമായ ഒരു ദാസന്റെ രൂപം അവൻ സ്വീകരിച്ചു. രോഗികളെയും, ആവശ്യക്കാരെയും ദരിദ്രരെയും എല്ലാം അവൻ സ്നേഹിച്ചു.. സഹായിച്ചു.

'പാപികളുടെ സ്നേഹിതൻ' എന്ന് ജനങ്ങൾ അവനെ വിളിക്കുകയുണ്ടായി. ഇതു മാത്രമല്ല അവന്റെ താഴ്മ അവൻ ക്രൂശിലെ മരണത്തോളം കാത്തു സൂക്ഷിച്ചു. എല്ലാ മരണങ്ങളിലും വെച്ച് ഹീനവും നികൃഷ്ടവുമായ മരണമാണ് ക്രിസ്തു മരണം. 'മരത്തിൽതൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ' എന്നു തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഗലാത്യർ 3:13). അവൻ നമ്മുടെ ശാപം വഹിച്ചു നമുക്കുവേണ്ടി എല്ലാം ചുമന്നു. അവൻ പാപം ഒന്നും അറിഞ്ഞിരുന്നില്ല. (1 പത്രോസ് 2:22). നാം ദൈവത്താൽ നീതീകരിക്കപ്പെടേണ്ടതിന് അവൻ നമ്മുടെ പാപങ്ങളെല്ലാം വഹിച്ചു. ''നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്നു'' (2 കൊരിന്ത്യർ 8:9).

ദൈവീകത്വത്തിൽ എല്ലാ അധികാരങ്ങളോടും ശക്തിയോടും കൂടി വാണിരുന്നവനായിരുന്നു. പക്ഷെ അതെല്ലാം ഒഴിച്ച് തന്നെത്താൻ താഴ്ത്തി, മനുഷ്യവേഷത്തിൽ ദാസനായിതീർന്നു. ക്രൂശിലെ മരണത്തിനുവേണ്ടി ക്രിസ്തു തന്റെ എല്ലാ അധികാരങ്ങളും ഉപേക്ഷിച്ചു. അവൻ മനുഷ്യനോട് സാദൃശ്യപ്പെട്ടു. അവന്റെ മരണത്തിനും, പുനരുത്ഥാനത്തിനും ശേഷം അവൻ ശിഷ്യൻമാർക്ക് പ്രത്യക്ഷനായി ഇപ്രകാരം പറഞ്ഞു-'' സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു (മത്തായി 28:18). അവന് നല്കപ്പെട്ടിരിക്കുന്നു എന്ന പ്രയോഗത്തിൽനിന്നും അവൻസ്വയം നേടിയതല്ല, പിന്നെയോ പിതാവായ ദൈവത്താൽ നല്കപ്പെട്ടതാണ് എന്ന് വ്യക്തമാകുന്നു.

ക്രൂശിലെ മരണവും അനുസരണവും മുഖാന്തിരം ''ദൈവം അവനെ ഏററവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി'' എന്ന് ഫിലിപ്പിയർ 2:9 രേഖപ്പെടുത്തിയിരിക്കുന്നു.

കർത്താവായ യേശുക്രിസ്തു നമ്മെ നമ്മുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിനായി ത്യജിക്കേണ്ടിവന്ന മഹിമകളെക്കുറിച്ചും താൻ അനുഭവിച്ച പീഡനങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടത്... ധ്യാനിക്കേണ്ടത് അത്യാവശ്യമാണ്.

ആദിമക്രിസ്ത്യാനികൾ സുവിശേഷത്തിന്റെ യഥാർത്ഥമായ അർത്ഥം മനസിലാക്കിയവരായിരുന്നു. സുവിശേഷത്തിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്ന് അവർ മനസിലാക്കിയിരുന്നു... ആയതിനാൽ അവർ പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടും സുവിശേഷം എല്ലായിടത്തും പ്രചരിപ്പിക്കുന്നതിന് തീഷ്ണതയുള്ളവരായിരുന്നു. (പ്രവൃത്തികൾ 8:4).

സുവിശേഷവും നിങ്ങളുടെ ജീവിതവും തമ്മിലുള്ള ബന്ധമെന്താണ്?

# എന്താണ് സുവിശേഷം?

(2) സണ്ണി ഡേവിഡ്

പുതിയനിയമത്തിൽ ഏകദേശം തൊണ്ണൂററി അഞ്ചു പ്രാവശ്യം 'സുവിശേഷം' എന്ന പദം പ്രയോഗിച്ചിരിക്കുന്നതായി കാണാം. നല്ല വാർത്ത, നല്ല വർത്തമാനം എന്ന് അർത്ഥം വരുന്ന 'ഗോഡ്സ്പെൽ' എന്ന ആംഗ്ലോ-സാക്സൺ വാക്കിൽ നിന്നാണ് 'ഗോസ്പെൽ' അഥവാ സുവിശേഷത്തിന്റെ ഉത്ഭവം. പുതിയ നിയമത്തിൽ സുവിശേഷം എന്നത് ക്രിസ്തുവിന്റെ സന്ദേശങ്ങളാണ്, അല്ലാതെ ക്രിസ്തുവിന്റെ സന്ദേശങ്ങളെ പ്രചരിപ്പിക്കുന്നതിന് എഴുതപ്പെട്ടിട്ടുള്ള ലേഖനങ്ങളല്ല.

പുതിയനിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങൾ എഴുതിയിട്ടുള്ളത് വ്യത്യസ്തരായ നാലു വ്യക്തികളാണ്. മത്തായി, മർക്കോസ്, ലൂക്കൊസ്, യോഹന്നാൻ തുടങ്ങിയ ഈ വ്യക്തികൾ ഒരേ സുവിശേഷം തന്നെയാണ് അവരുടെ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ നാലു വ്യക്തികളും വ്യത്യസ്തമായ സുവിശേഷമല്ല. ഒരേ സുവിശേഷം തന്നെയെന്നത് തർക്കമററ സംഗതിയാണ്. ചിലർ ഈ പുസ്തകങ്ങളെ അറിയാതെ 'നാലു സുവിശേഷങ്ങൾ' എന്ന് വിളിച്ചു കേൾക്കാറുണ്ട്. പക്ഷെ ഒരിക്കലും ഇവ സുവിശേഷങ്ങളോ, 'നാലു സുവിശേഷങ്ങളോ' അല്ല. പിന്നെയോ ഒരു സുവിശേഷത്തിന്റെ നാലു വിവരങ്ങൾ മാത്രം.

ക്രിസ്തു തന്റെ മരണത്തിനും, അടക്കത്തിനും പുനരുത്ഥാനത്തിനും ശേഷം തന്റെ ശിഷ്യൻമാരോട് ഭൂലോകത്തിൽ ഒക്കെയും പോയി സർവ്വ സൃഷ്ടികളോടും സുവിശേഷം അറിയിക്കുവാൻ ആജ്ഞാപിച്ചു (മർക്കൊസ് 16:15). പുതിയനിയമത്തിലെ പതിനാലു ലേഖനങ്ങൾ എഴുതിയ അപ്പോസ്തലനായ പൗലോസ് പറഞ്ഞു- 'സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും. അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലോ' (റോമർ 1:16).

തിമോഥെയോസിന് എഴുതുമ്പോൾ സുവിശേഷത്താൽ ജീവനും അക്ഷയതയും വെളിപ്പെടുന്നതായി (2 തിമോഥെ 1:10) പൗലോസ് രേഖപ്പെടുത്തുന്നു.

യേശുക്രിസ്തു ന്യായവിധി ദിവസത്തിൽ മടങ്ങിവരുമ്പോൾ രക്ഷിക്കപ്പെടുന്നതിനായി ഒരു വ്യക്തി സുവിശേഷം അനുസരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാ

ത്ത വ്യക്തി ശിക്ഷാവിധിയിൽ അകപ്പെടുമെന്നു വചനം പറയുന്നു. (2 തെസ്സലോനിക്ക്യർ 1:8-10). ആയതിനാൽ ക്രിസ്തുവിൻെറ സുവിശേഷം വളരെ പ്രാധാന്യമുള്ളതും രക്ഷക്കായി അത്യാവശ്യമയതുമാണ്. ഇതിൽനിന്ന് ആർക്കും ഒഴിഞ്ഞു മാറുവാൻ കഴിയുകയില്ല. ഒന്നുകിൽ സ്വീകരിക്കുക അല്ലെങ്കിൽ നിഷേധിക്കുക. എന്താണ് സുവിശേഷം ? കൊരിന്ത്യയിലുള്ള ക്രിസ്ത്യാനികൾക്ക് എഴുതുമ്പോൾ പൗലോസ് പറഞ്ഞു- 'എന്നാൽ സഹോദരൻമാരെ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വ്യർഥമാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു' (1 കൊരിന്ത്യർ 15:1-4). ക്രിസ്തുവിൻെറ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് ഇവയാണ് സുവിശേഷം എന്ന് ഇവിടെ ഉദ്ധരിക്കുന്നു.

ദൈവപുത്രനായ ക്രിസ്തു, ദൈവത്തിൻെറ കൃപയും, കാരുണ്യവും സ്നേഹവും മുഖാന്തിരം നാം മരിക്കേണ്ടിയിരുന്ന സ്ഥാനത്ത് നമുക്കായി മരിച്ചു എന്നതാണ്, 'നല്ലവാർത്ത'.

''നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്ക സമയത്തു അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം, ഗുണവാനുവേണ്ടി പക്ഷെ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ''(റോമർ 5:6-8) എന്ന് തിരുവചനം പറയുന്നു. ക്രിസ്തു നമുക്കെല്ലാവർക്കും വേണ്ടി ക്രൂശിൽ മരണം സ്വീകരിച്ചു എന്നതു മാത്രമല്ല, അവൻ മരണത്തിനുശേഷം ഉയിർത്തെഴുന്നേൽക്കുകയും അങ്ങനെ അവനിൽവിശ്വസിക്കുന്ന എവർക്കും ഉയിർത്തെഴുന്നേൽപ്പ് വാഗ്ദാനം ചെയ്യുകയും ചെയ്തു.

1 കൊരിന്ത്യർ 15-ാം അദ്ധ്യായം 20 മുതൽ 22 വരെയുള്ള വാക്യങ്ങളിൽ ''എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയർത്തിരിക്കുന്നു. മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലമുണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും.'' എന്ന് പറയുന്നു.

മരണത്തിനുശേഷമുള്ള പുനരുത്ഥാനത്തെക്കുറിച്ച് ക്രിസ്തു പറഞ്ഞിട്ടുള്ളത് വളരെ ശ്രദ്ധേയമാണ്. ''ഇതിങ്കൽ ആശ്ചര്യപ്പെടരുത്. കല്ലറകളിൽ ഉള്ളവർ എല്ലാവരും അവൻെറ ശബ്ദം കേട്ടു നൻമചെയ്തവർജീവന്നായും തിൻമചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു.''
(യോഹന്നാൻ 5:28-29).

ക്രിസ്ത്യാനികൾക്കായി പൗലോസ് ഇപ്രകാരം എഴുതി "സഹോദരന്മാരെ, നിങ്ങൾ പ്രത്യാശയില്ലാത്ത മററുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തിരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്നിറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ"
(1 തെസ്സലോനിക്യർ 4:13-18).

ക്രിസ്തുവിന്റെ സുവിശേഷം അതിനാൽ മരണത്തെയും പുനരുത്ഥാനത്തെയും പററിയുള്ള സുവിശേഷമാണ്. നമ്മുടെ പാപങ്ങളുടെ വില ക്രിസ്തു തന്റെ നിഷ്കളങ്കമായ രക്തത്താലും ത്യാഗത്താലും നമുക്കു പകരമായി നൽകി എന്നതാണ് 'നല്ല വാർത്ത'.

സുവിശേഷത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നുവെങ്കിൽ മരണത്തിലും നാം ദൈവത്തിന്റെ അനുഗ്രഹിക്കപ്പെട്ട ജനമായി നിലനിൽക്കും എന്നു മനസ്സിലാക്കുവാൻ കഴിയും. (വെളിപ്പാട് 14:13). കൂടാതെ അവന്റെ വരവിങ്കൽ നാം ഉയിർത്തെഴുന്നേൽക്കുകയും നിത്യതയിൽ അവനോടൊപ്പം വാഴുവാൻ എടുക്കപ്പെടുകയും ചെയ്യും.

* * *

# നല്ലതും ചീത്തയുമായ ഹൃദയങ്ങൾ

**ജെ. സി. ചോട്ട്**

നല്ലതും മോശവുമായ ഹൃദയങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ ശരീരത്തിലെ ഒരു ഭാഗമായ, ഭൗതികമായ അവയവത്തെ പററിയാണ് മനസ്സിൽ ചിന്തിക്കുക.

ദൈവ വചനത്തിൽ പല സ്ഥലത്തായി ഹൃദയത്തെ പരാമർശിച്ച് പറഞ്ഞിട്ടുണ്ട്. പക്ഷെ വചനത്തിൽ ഹൃദയത്തെ പററി പറയു

[illegible] രക്തം പമ്പുചെയ്യുന്ന ഹൃദയമെന്ന മനുഷ്യശരീരത്തിലെ അവയവത്തെ പരാമർശിച്ചല്ല പ്രസ്താവിക്കുന്നത്.

ഹൃദയത്തെ 'മനസ്സ്' എന്ന രീതിയിലും ചിലപ്പോൾ ഉപയോഗിക്കാറുണ്ട്.

ഒരു വ്യക്തിയുടെ ആത്മീയാവസ്ഥയെ ബാധിക്കാത്ത നല്ലതും ചീത്തയുമായ ഹൃദയം ഉണ്ടാകാം. ഒരു സംഭവത്തെ എപ്രകാരം ഒരു വ്യക്തി നേരിടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഹൃദയം നല്ലതാണോ ചീത്തയാണോ എന്നു നാം വിലയിരുത്താറ്. ഒരു വ്യക്തി ദയാലുവും, നല്ലവനുമാണെങ്കിൽ ആ വ്യക്തി നല്ല ഹൃദയത്തിന്റെ ഉടമയെന്നും തുറന്ന മനസ്സുള്ള വ്യക്തിയെ വിശ്വസ്തനും, സത്യസന്ധനുമെന്നും നാം പറയാറുണ്ട്. മോശമായ ജീവിതം നയിക്കുന്ന വ്യക്തിയെ ചീത്ത ഹൃദയത്തിന്റെ ഉടമയായി ചിത്രീകരിക്കപ്പെടുന്നു.

നമുക്കു നമ്മോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു. നാം എപ്രകാരമുള്ള ഹൃദയമുള്ളവരാണ് എന്ന്. തിരുവചനത്തിൽ നമ്മെ സഹായിക്കുന്നതിനായി പലതരത്തിലുള്ള ഹൃദയങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1. നിർമ്മലമായ ഹൃദയം.

ക്രിസ്തു പറഞ്ഞു- "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ" അവർ ദൈവത്തെ കാണും (മത്തായി 5:8).

"എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം ഉററുസ്നേഹിപ്പിൻ, കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" എന്ന് പത്രോസ് രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവത്തോടുള്ള അനുസരണത്തിന്റെ ഫലമായി തിൻമകൾ കൊണ്ടു നിറഞ്ഞ ഹൃദയം വിശുദ്ധീകരിക്കപ്പെടുന്നതായി നാം ഈ പരാമർശങ്ങളിൽനിന്നും മനസിലാക്കുന്നു. ഹൃദയം വിശുദ്ധതയോടെ കാത്തുസൂക്ഷിക്കുന്നതുവഴി ആ വ്യക്തി ദൈവത്തോടു ചേർന്നു ജീവിക്കുന്നതിനും ദൈവത്തെ കാണുന്നതിനും സ്വയം ഒരുക്കപ്പെടുന്നു.

**2. കഠിനഹൃദയം:-** കീഴടക്കുവാൻ വിഷമമുള്ള ഒരു ഹൃദയമാണിത്. ഈ വ്യക്തി വഴങ്ങുന്ന സ്വഭാവമില്ലാത്തവനും, കേൾക്കാൻ ക്ഷമയില്ലാത്തവനും മററുള്ളവരോടു കരുണ കാണിക്കാത്ത ആളുമായിരിക്കും. മോശയുടെ ന്യായപ്രമാണത്തിൻ കീഴ് ജീവിച്ചിരുന്ന, സ്വന്ത വഴിയിൽ മാത്രം പോകുവാൻ ആഗ്രഹിച്ചിരുന്ന അനേകരെക്കുറിച്ച് കഠിനഹൃദയമുള്ളവർ എന്നു ക്രിസ്തു പറയുകയുണ്ടായി.

ഇന്ന് ആചരിച്ചുപോരുന്ന ആചാരങ്ങളും പാരമ്പര്യങ്ങളും തെററാണെന്ന് തിരുവചനം മൂലം അറിയാമെങ്കിലും പ്രതാപത്താലും മഹിമകളാലും ആ വഴികൾ വിട്ടുകളഞ്ഞ് ജീവിതം രൂപാന്തരപ്പെടുത്തുവാൻ, സത്യത്തിന്റെ വഴി സ്വീകരിക്കുവാൻ മടി കാണിക്കുന്ന മനുഷ്യർ കഠിനഹൃദയത്തിന്റെ ഉടമകളാണ്.

തുടർച്ചയായി ഈ തെററുകൾ ചെയ്തു കൊണ്ടിരിക്കുന്നതിനാൽ മാററുവാൻ കഴിയാത്തവണ്ണം ഹൃദയം കഠിനപ്പെടുന്നു.

എബ്രായ ലേഖകൻ ഇപ്രകാരം പറയുന്നു. ''നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിനു ''ഇന്നു'' എന്നു പറയുന്നിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ'' (എബ്രായർ 3:13).

## 3. അവിശ്വാസമുള്ള ഹൃദയം:-

ദൈവനിയോഗത്താൽ എഴുത്തുകാരൻ എഴുതി- ''സഹോദരൻമാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിനു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ'' (എബ്രായർ 3:12).

അവിശ്വാസം നാശത്തിന് വഴി ഒരുക്കുന്നു. ക്രിസ്തു പറഞ്ഞു. ''വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.'' മർക്കൊസ് 16:16. പക്ഷെ അപ്പോസ്തലനായ പൗലോസ് ''ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു'' (റോമർ 10:17) എന്നു പറയുന്നു. ഹൃദയം കൊണ്ട് ഒരുവൻ നീതിക്കായി വിശ്വസിക്കുന്നു. (റോമർ 10:10).

എത്യോപ്യയിൽനിന്നും വന്ന മനുഷ്യനോട് ഫിലിപ്പ് എന്ന സുവിശേഷകൻ- ''നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം'' (സ്നാനം ഏലക്കാം)എന്നു പറഞ്ഞു (പ്രവർത്തികൾ 8:37). അപ്പോൾ ഷണ്ഡൻ, ''യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു' എന്ന് ഉത്തരം പറഞ്ഞു.ഫിലിപ്പ് അവനെ സ്നാനം കഴിപ്പിച്ചു.

## 4. പശ്ചാത്തപിക്കാത്ത ഹൃദയം

''എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചു വയ്ക്കുന്നു'' റോമർ 2:5 എന്നു പൗലോസ് പറയുന്നു.

''മനുഷ്യരുടെ ഹൃദയത്തിൽനിന്നു ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കുലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണു, ദൂഷണം, അഹങ്കാരം മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു.' എന്ന് ക്രിസ്തു ഓർമിപ്പിച്ചു. (മർക്കോ 7:21-23), ഈ കാരണത്താലാണ് മനുഷ്യൻ നാശത്തിലേക്ക് പോകാതെ

അനുതപിക്കുവാൻ ക്രിസ്തു ആവശ്യപ്പെട്ടത്. (ലൂക്കോസ് 13:3) അപ്രകാരം അനുതപിക്കുകയും മാനസാന്തരപ്പെട്ട് ദൈവത്തെ അനുസരിക്കുകയും ചെയ്യുന്നവരുടെ പാപങ്ങൾ മോചിക്കപ്പെടുന്നു. (പ്രവൃത്തികൾ 2:38). അനുതപിക്കുവാൻ കൂട്ടാക്കാത്തവർ നാശത്തിലേക്ക് പോകുന്നു.

**5. ഏകഹൃദയം:-** ദൈവത്തെ അനുസരിക്കുന്നവർ ഏകഹൃദയമുള്ളവരായിതീരുന്നു. ദൈവത്തിന്റെ തന്നിട്ടുള്ള കൽപ്പനയെ അനുസരിക്കുന്നതു മൂലവും, അംഗീകരിക്കുന്നതുമൂലവും അവർ ക്രിസ്തുവിനോടും അവന്റെ സഭയോടും ചേർക്കപ്പെടുന്നു. അവർക്ക് പരസ്പരം പങ്കുവെക്കുന്നതിന് മനസ്സുള്ളവരായി തീരുന്നു (പ്രവൃത്തികൾ 4:32). ഇതാണ് വചനാടിസ്ഥാനമായ ഐക്യതയും യോജിപ്പും (യോഹന്നാൻ 17:21, 1 കൊരിന്ത്യർ 1:10).

**6. അന്ധമായ ഹൃദയം:-** എഫേസ്യയിലുള്ളവർക്ക് പൗലോസ് എഴുതുമ്പോൾ നിങ്ങൾ ജാതികളെപ്പോലെ ജീവിക്കരുത് എന്നറിയിക്കുന്നു. ''ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞത നിമിത്തം, ഹൃദയ കാഠിന്യം നിമിത്തം തന്നേ ദൈവത്തിന്റെ ജീവനിൽ നിന്നു അകന്നു മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിനു തങ്ങളെതന്നേ ഏല്പിച്ചിരിക്കുന്നു'' (എഫേസ്യർ 4:17-19) മറെറാരർത്ഥത്തിൽപറഞ്ഞാൽഇത്തരം ഹൃദയം വഞ്ചിക്കപ്പെട്ടതും വഞ്ചനയുള്ളതുമാണ്. യാക്കോബ് ഇപ്രകാരം എഴുതുന്നു. ''നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ടു താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ'' (യാക്കോബ് 1:26).

**7. അനുസരണമുള്ള ഹൃദയം:-** ദൈവത്തെ ഹൃദയപൂർവ്വം നാം അനുസരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. (റോമർ 6:17-18) കൂടാതെ പൂർണ്ണഹൃദയത്തോടെ നാം അവനെ സ്നേഹിക്കേണം എന്നും അവൻ ആഗ്രഹിക്കുന്നു. (മത്തായി 22:36, 37) പൗലോസ് ഇപ്രകാരം എഴുതുന്നു– മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസൻമാരെപോലെ ദൈവേഷ്ടം മനസോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെ തന്നെ പ്രീതിയോടെ സേവിച്ചും കൊണ്ടു അനുസരിപ്പിൻ- ദാസനോ, സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നൻമക്ക് കർത്താവിൽനിന്നു പ്രതിഫലം പ്രാപിക്കും എന്നു നിങ്ങൾ അറിയുന്നുവല്ലോ (എഫേസ്യർ 6:6–8)

ഇതൊരു തുടക്കം മാത്രമാണ്. ദൈവവചനത്തിൽ ഇപ്രകാരം മററനേകം തരത്തിലുള്ള ഹൃദയങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

ഏതു പേരിലറിയപ്പെട്ടാലും ഒരു കാര്യം ഓർമ്മിക്കേണ്ടിയിരിക്കുന്നു. ഹൃദയമാണ് ഒരു വ്യക്തിയുടെ ചിന്തയെ സ്വാധീനിക്കുന്നതും, പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്നതും, അനുസരിക്കുന്നതിനോ, അനുസരിക്കാതിരിക്കുന്നതിനോ, ആരാധിക്കുന്നതിനോ ആരാധിക്കാതിരിക്കുന്നതിനോ നൻമചെയ്യുവാനോ, തിൻമചെയ്യുവാനോ പ്രേരിപ്പിക്കുന്നതും. ഒരു വ്യക്തി രക്ഷിക്കപ്പെട്ടതാണോ അല്ലയോ എന്ന് തന്റെ ഹൃദയസ്വഭാവത്താൽ വെളിപ്പെട്ടുവരുന്നു.

നിങ്ങൾക്ക് എപ്രകാരമുള്ള ഹൃദയമാണ് ഉള്ളത്? തുറന്ന ഹൃദയമോ? സ്നേഹമുള്ളതോ? ആത്മാർത്ഥതയുള്ളതോ, വഞ്ചനയില്ലാത്തതോ, കാരുണ്യമുള്ളതോ, ?

നിങ്ങൾക്ക് എപ്രകാരമുള്ള ഹൃദയമാണ് ആവശ്യം എന്ന് നിങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. അനുസരണമില്ലാത്ത ഹൃദയമാണ് നിങ്ങൾക്കുള്ളതെങ്കിൽ ദൈവവചനത്തെ അനുസരിക്കുന്നതുമൂലം നിങ്ങളുടെ ഹൃദയം അനുസരണമുള്ളതായി തീരുന്നു. ചീത്ത ഹൃദയമാണ് എങ്കിൽ നല്ല ഹൃദയമായി മാററപ്പെടുന്നു. നിങ്ങൾ ദൈവഹിതത്തിന് നിങ്ങളെ സമർപ്പിക്കുമ്പോൾ നിങ്ങളുടെ ജീവിതം ക്രിസ്തുവിനോട് അനുരൂപപ്പെടുന്നു. അപ്രകാരം നിങ്ങളുടെ ചുററുമുള്ളവർ നിങ്ങളെ ഒരു നല്ല ഹൃദയത്തിന്റെ ഉടമ എന്നു വിശേഷിപ്പിക്കുന്നു.

## "ദേഷ്യം വരുമ്പോൾ എന്തു ചെയ്യും?"

ഒരിക്കൽ ഒരു സ്ത്രീ ഒരു പ്രസംഗകനോട് ഇപ്രകാരം പറഞ്ഞു. "എനിക്ക് പെട്ടന്ന് ദേഷ്യം വരുന്ന സ്വഭാവമുണ്ട് പക്ഷേ അത് ഒരു നിമിഷത്തിനകം മാറും" ഇത് കേട്ട പ്രസംഗകന്റെ മറുപടി ഇപ്രകാരമായിരുന്നു. ബോംബ് പൊട്ടുവാൻ ഒററനിമിഷം മാത്രം. പക്ഷേ അത് എല്ലാം പൂർണ്ണമായും നശിപ്പിച്ചിരിക്കും!

ഒരു ക്രിസ്ത്യാനി പിശാചിനെതിരെ ഉപയോഗിക്കുന്ന പ്രധാനമായ ഒരു ആയുധമാണ്, സ്വയനിയന്ത്രണം, അഥവാ ഇന്ദ്രിയജയം. ചെയ്യരുതാത്തത് ചെയ്യുകയും പിന്നീട് അതിനെക്കുറിച്ച് പശ്ചാത്തപിച്ച് അനുതപിക്കുകയും ചെയ്യുന്ന പ്രവർത്തികൾ ഒഴിവാക്കുവാൻ ക്രിസ്തുവിന് നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം നല്കേണ്ടിയിരിക്കുന്നു.

ജ്ഞാനിയായ ശലോമോൻ ഇപ്രകാരം എഴുതി- "ദീർഘ ക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ" (സദൃശവാക്യങ്ങൾ 16:32). "മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു, കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു." സദൃശ 15:1 "വിവേകബുദ്ധിയാൽ മനുഷ്യനു ദീർഘക്ഷമ വരുന്നു. ലംഘനം ക്ഷമിക്കുന്നതു അവന്നു ഭൂഷണം" സദൃശവാക്യങ്ങൾ 19:11 കൂടാതെ ശലോമോന്റെ വാക്കുകളിൽ- "പരിഹാസികൾ പട്ടണത്തിൽ കോപാഗ്നി ജ്വലിപ്പിക്കുന്നു. ജ്ഞാനികളോ ക്രോധത്തെ ശമിപ്പിക്കുന്നു" സദൃശവാക്യങ്ങൾ 29:8 എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ദേഷ്യത്തോടുകൂടിയ പ്രവൃത്തി നഷ്ടമായ ഒന്നാണ്. ഒരു കഥ ഇപ്രകാരം പറയുന്നു. ഒരിക്കൽ ഒരു യുവസിംഹവും മലയാടും കൂടി ഒരു ജലധാരത്തിനരികിൽ വെള്ളത്തിനായി വന്നു. ഇരുവരും നന്നെ ദാഹത്തോടുകൂടിയാണ് വന്നത്. അവർ ഇരുവരും ഒരേസമയത്ത് ആ നീരുറവയിലേക്ക് വന്നതിനാൽ ആർ ആദ്യം വെള്ളം കുടിക്കണം എന്നതിനെ ചൊല്ലി ചൂടായ തർക്കമുണ്ടായി; അവസാനം ഒരാൾ മരിച്ചു വീഴുന്നതുവരെ എതിർത്തുനിൽക്കാൻ തീരുമാനിച്ചു. മല്ലയുദ്ധത്തിനായി ഒരുക്കമിട്ടു. യുദ്ധത്തിനിടയിൽ അവർ അല്പനിമിഷം ആകാശത്തേക്ക് നോക്കുകയുണ്ടായി, ഒരു കൂട്ടം കഴുകന്മാർ അവരുടെ ചുററും തോൽക്കുന്ന ജഡത്തിനായി ചുററി കറങ്ങുന്നു. പെട്ടെന്ന് അവരുടെ യുദ്ധം അവർ അവസാനിപ്പിച്ചു.

നിങ്ങൾക്ക് ദേഷ്യം വരുമ്പോൾ നിങ്ങൾ എന്തുചെയ്യും? ആരോ ഒരാൾ ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി. ഓരോ തവണയും നാം ദേഷ്യപ്പെടുമ്പോൾ നമ്മുടെ ശവപ്പെട്ടിയിലേക്ക് ഒരാണി അടിച്ചുകയററുന്നു".

കോപത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറഞ്ഞു. "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ, സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്." (എഫേസ്യർ 4:26).

ചിലതരം പാമ്പുകൾ അവയ്ക്ക് ദേഷ്യം വരുമ്പോൾ സ്വയം കടിക്കാറുണ്ട്. പല മനുഷ്യരുടേയും അവസ്ഥ ഇപ്രകാരമാണ്. കോപിക്കുമ്പോൾ നാം മററുള്ളവരെ ശിക്ഷിക്കുന്നു എന്നു വിശ്വസിക്കുന്നുവെങ്കിലും സത്യത്തിൽ നഷ്ടം സംഭവിക്കുന്നതു നമുക്കു തന്നെയാണ്. ശലോമോൻ ഇപ്രകാരം ഉപദേശിച്ചു.— "നിന്റെ മനസ്സിൽ അത്രവേഗം നീരസം ഉണ്ടാകരുത്, മൂഢന്മാരുടെ മാർവ്വിൽ അല്ലോ നീരസം വസിക്കുന്നത്". (സഭാപ്രസംഗി 7:9).

എഡ്ന എന്ന വ്യക്തി കോപത്തെക്കുറിച്ച് സുന്ദരമായി എഴുതുകയുണ്ടായി. അദ്ദേഹത്തിന്റെ വിവരണത്തിൽ—

"കോപത്തിലായിരിക്കുമ്പോൾ നാം ഉച്ചരിക്കുന്ന വാക്കുകളും ചെയ്യുന്ന പ്രവർത്തികളും പാപമാണ്.

ദ്വേഷ്യം ഇരച്ചുകയറുമ്പോൾ നിങ്ങളുടെ ചിന്തകളെയും, വാക്കുകളെയും നിങ്ങൾക്ക് അടക്കുവാൻ കഴിയുമെങ്കിൽ കോപാഗ്നി തനിയെ കെട്ടടങ്ങും. ദ്വേഷ്യം ശമിക്കും. അപ്പോൾ ഉയരത്തിൽ നിനക്കായി ഒരുക്കിയിരിക്കുന്ന കിരീടത്തിൽ ഒരു നക്ഷത്രം കൂടി ചേർക്കപ്പെടും.

നമ്മുടെ ബലഹീനതകളിൽ കഴുത്തു നീട്ടുന്നതിനായി കോപം കാത്തിരിക്കുന്നു. നാം നിത്യതക്കായി കാത്തിരിക്കുന്നുവെങ്കിൽ അതിനെ വിജയിക്കേണ്ടിയിരിക്കുന്നു.

ഓരോ തവണയും പാപം ചെയ്യാതെ നിങ്ങളുടെ കോപത്തെ മറികടക്കുമ്പോൾ, വിജയിക്കുമ്പോൾ നീ ധീരനായ വിജയത്തിലേയ്ക്ക് മുന്നേറുന്ന ഒരു പടയാളിയായി തീരുന്നു".

* * *

# ഇതാകുന്നു ദൈവസ്നേഹം

**ഹെൻറി ഹാരീസ്**

ദൈവത്തെ സ്നേഹിക്കുന്നതിനായി നമ്മോട് കല്പിക്കപ്പെട്ടിരിക്കുന്നു. "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം" (മത്തായി 22:37), യോഹന്നാൻ തന്റെ ലേഖനത്തിൽ അവന്റെ കൽപനകൾ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കൽപനകൾ ഭാരമുള്ളവയല്ല" എന്നു രേഖപ്പെടുത്തിയിരിക്കുന്നു (യോഹ 5:3) ആയതിനാൽ അവന്റെ കല്പനകൾ അനുസരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു.

നാം യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ അവന്റെ കല്പനകൾ അനുസരിക്കും. യോഹന്നാൻ 14:15-ൽ "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന കാത്തുകൊള്ളും" എന്നും ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതൻമാർ തന്നെ (യോഹന്നാൻ 15:14) എന്നും ക്രിസ്തു അരുളിചെയ്തു. അതുകൊണ്ട് നാം അവന്റെ കല്പനകൾ അനുസരിക്കുന്നില്ല എങ്കിൽ നാം അവന്റെ സ്നേഹിതൻമാരുമല്ല. നാം അവനെ സ്നേഹിക്കുന്നുമില്ല.

നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനുള്ളതിനെയും നാം സ്നേഹിക്കുന്നു എന്നു വരുന്നു. ക്രിസ്ത്യാനികൾ അംഗമായിട്ടുള്ള സഭ അവന്റേതാണ് (പ്രവൃത്തികൾ 20:28-30). അതുകൊണ്ട് നാം സഭയെ സ്നേഹിക്കുന്നു. നാം അഥവാ സഭയെ സ്നേഹിക്കുന്നില്ല എങ്കിൽ ദൈവത്തെയും സത്യമായി സ്നേഹിക്കുന്നില്ല. യോഹന്നാൻ ഒന്നാം ലേഖനം 4-ാം അദ്ധ്യായം 11-ാം വാക്യത്തിൽ "പ്രിയമുള്ളവരെ

നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു എന്നും 19-ാംവാക്യത്തിൽ അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു എന്നും 20-ാംവാക്യത്തിൽ നാം ദൈവത്തെ സ്നേഹിക്കുന്നു എന്നുപറകയും തന്റെ സഹോദരനെ പകക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല ''എന്നും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

നാം ദൈവത്തെ സ്നേഹിക്കുമ്പോൾ നമ്മുടെ ഹൃദയം അവനിലും, അവൻ പൂർണ്ണമായി നമ്മുടെ സമ്പത്തും ആയിത്തീരുന്നു. ''നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും'' (മത്തായി 6:19-21). നമ്മുടെ മനസ്സും ഹൃദയവും എല്ലായ്പ്പോഴും അവനെ പൂർണ്ണമായി ഉൾക്കൊണ്ടിരിക്കേണ്ടതാണ്.

''ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേററിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും'' എന്ന് പൗലോസ് കൊലൊസ്സ്യയിലുള്ള വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു.
(കൊലൊ 3:1-4).

''ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരുസമൂഹം നമുക്കു ചുററും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക.തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയുംദൈവസിംഹാസനത്തിന്റെ വലതുഭാഗത്തു ഇരിക്കയും ചെയ്തു. (എബ്രായർ 12-ാം അദ്ധ്യായം 1-ഉം 2-ഉം വാക്യങ്ങൾ).

# മാനസാന്തരം

എഡ്വിൻ

ദൈവീക നീതിയിൽ വിശ്വാസമില്ലാത്ത ഒരു വ്യക്തിക്ക് മാനസാന്തരപ്പെടുവാൻ സാദ്ധ്യമല്ല. അധികാരത്തിലിരിക്കുന്നവരെ ബഹുമാനിക്കാൻ കഴിയുന്നില്ലെങ്കിൽ നിയമം നൽകുന്നവരുടെ നിയമങ്ങളെയും ആരും ബഹുമാനിക്കുകയില്ല.

വളരെ വർഷങ്ങളായി നമ്മുടെ സമൂഹത്തിൽ ദൈവത്തിനോ ദൈവ വചനത്തിനോ വേണ്ടത്ര അംഗീകാരം നൽകുന്നില്ല. ദൈവ വചനം പഠിക്കുന്നതിനും വായിക്കുന്നതിനും കഴിയാത്തതാണ് അതിനു കാരണം. മനുഷ്യന്റെ അധഃപതനത്തിന് ഈ അറിവില്ലായ്മ കാരണമാകുന്നു. പ്രവാചകനായ ഹോശേയ വളരെ വർഷങ്ങൾക്കു മുൻപ് ഇപ്രകാരം എഴുതി— "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു" (ഹോശേയ 4:6). പൗലോസ് റോമർക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം അഭിപ്രായപ്പെടുന്നു" ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു"
(റോമർ 2:4).

എന്താണ് മാനസാന്തരം ? രണ്ട് ഗ്രീക്കു വാക്കുകൾ മാനസാന്തരം എന്ന് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഒന്നാമത്തേത് ഒരു വ്യക്തിയുടെ മനസ്സിന്റെയും ലക്ഷ്യത്തിന്റെയും മാറ്റമെന്നും അടുത്തത് പശ്ചാത്താപം എന്നും സൂചിപ്പിക്കുന്നു.

ചെയ്യുവാൻ കഴിയുമായിരുന്ന ഒരു അവസ്ഥയെക്കുറിച്ച് പശ്ചാത്തപിക്കാം, പക്ഷെ പശ്ചാത്താപം മനസ്സിനെ മാറ്റുന്നു എന്നു അർത്ഥമാകുന്നില്ല.

താഴെ വിവരിക്കുന്ന രണ്ടു സംഭവങ്ങളിൽ മാനസാന്തരം എന്ന പദം അനുതാപം (പശ്ചാത്താപം) എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു.

"ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവൻ ഒന്നാമത്തവന്റെ അടുക്കൽ ചെന്നു, മകനേ ഇന്നു എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്ക എന്നുപറഞ്ഞു. 'എനിക്ക് മനസ്സില്ല' എന്നു അവൻ ഉത്തരം പറഞ്ഞു. എങ്കിലും പിന്നത്തേതിൽ 'അനുതപിച്ചു' അവൻ പോയി". (മത്തായി 21:28-29).

"അവനെ ശിക്ഷക്കു വിധിച്ചു എന്ന് അവനെ കാണിച്ചു കൊടുത്ത യൂദാ കണ്ടു അനുതപിച്ചു. ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കികൊണ്ടു വന്നു." (മത്തായി 27:3)

"കർത്താവ് സത്യം ചെയ്തു, അനുതപിക്കുകയുമില്ല"
(എബ്രായർ 7:21) എന്ന് എബ്രായ ലേഖകൻ എഴുതുന്നു.

ഈ സന്ദർഭങ്ങളിൽ മാനസാന്തരം എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് മനസ്സിന്റെ മാറ്റം എന്ന അർത്ഥത്തിലാണ്. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്തായി 3:2).

"നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ" (പ്രവൃത്തികൾ 2:38).

"നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക, പക്ഷെ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും." (പ്രവൃത്തികൾ 8:22).

മാനസാന്തരത്തിന്റെ മനോഹരമായ ഒരു ഉദാഹരണമാണ് മുടിയനായ പുത്രന്റെ കഥയിൽ വിവരിക്കുന്നത് (ലൂക്കോ 15). തന്റെ ധനമെല്ലാം കൈക്കലാക്കികൊണ്ടു അവൻ വിദൂരദേശത്തിലേക്ക് പോകുന്നു. മോശമായ ജീവിതമാർഗ്ഗത്തിലൂടെ അവൻ എല്ലാം ധൂർത്തടിക്കുന്നു. തുടർന്ന് അവശനായി, ആവശ്യക്കാരനായി പന്നിയെ മേക്കുന്ന ജോലി തേടുന്നു.

ഈ സാഹചര്യത്തിൽ അവൻ സ്വയം മനസ്സിലാക്കുവാനും ചിന്തിക്കുവാനും ആരംഭിക്കുന്നു. തകർന്ന ഹൃദയത്തോടെ അവൻ ഇപ്രകാരം പറയുന്നു "ഞാൻ എഴുന്നേററു അപ്പന്റെ അടുക്കൽ ചെന്നു അവനോട്—അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു."

തുടർന്ന് മുടിയനായ ആ പുത്രൻ ക്ഷമാശീലനും, സ്നേഹവാനുമായ പിതാവിന്റെ കരവലയത്തിലെത്തിച്ചേരുന്നു.

മാനസാന്തരപ്പെടുന്നതിനുമുൻപായി അവൻ വീട്ടിൽനിന്നു പോന്നതിനെപ്പററിയും മററും അനുതപിക്കേണ്ടിയിരുന്നു. അപ്പോസ്തലനായ പൗലോസ് എപ്രകാരമാണ് മാനസാന്തരം ഉളവാകുന്നത് എന്ന് വിവരിക്കുന്നു. "ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു, ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു." (2 കൊരിന്ത്യർ 7:10).

ഒരു വ്യക്തി എന്തിനെ ചൊല്ലി മാനസാന്തരപ്പെടണമെന്ന് ചോദിക്കുന്നവരോടുള്ള ഏക ഉത്തരം 'പാപത്തെക്കുറിച്ച്" എന്നാണ്. (1 യോഹന്നാൻ 3:17) ഇപ്രകാരം യോഹന്നാൻ ഒന്നാം ലേഖനത്തിൽ എഴുതുന്നു 'പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ' കൂടാതെ "ഏതു അനീതിയും പാപം ആകുന്നു" എന്നും യോഹന്നാൻ രേഖപ്പെടുത്തുന്നു. (1 യോഹന്നാൻ 5:17).

പാപത്തെക്കുറിച്ച് എഴുതുമ്പോൾ യാക്കോബ് ഇപ്രകാരം എഴുതുന്നു. (യാക്കോബ് 4:17) 'നൻമചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവനു അതു പാപം തന്നെ' പുതിയനിയമമാണ് ദൈവം നമുക്ക് ഇന്ന് നൽകിയിട്ടുള്ള ഉടമ്പടി.

എല്ലാവരും മാനസാന്തരപ്പെടേണം" എന്തെന്നാൽ എല്ലാവരും പാപംചെയ്തുപോയി (റോമർ 3:23).

അറിയായ്മയെ ദൈവം കാര്യമാക്കാത്ത ഒരു സമയമുണ്ടായിരുന്നു എന്നാൽ ഇന്ന് അപ്രകാരമല്ല, പൗലോസ് പറയുന്നത് ശ്രദ്ധിക്കുക (പ്രവർത്തികൾ 17:30) "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോടു കല്പിക്കുന്നു.

പത്രോസ് ഇപ്രകാരം ഓർമ്മിപ്പിക്കുന്നു- '' ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തൻെറ വാഗ്ദാനം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.

പരിശുദ്ധാത്മാവിൻെറ നേരിട്ടുള്ള പ്രവർത്തനത്താൽ ഒരു പാപിയായ മനുഷ്യൻ ആത്മീയതയിലേക്ക് കടന്നുവരുന്നില്ല. പക്ഷെ ദൈവവചനം കേട്ടുമനസിലാക്കുവാൻ തുടങ്ങുമ്പോഴാണ് ആവ്യക്തി ആത്മീയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. (റോമർ 10:13-17) ദൈവവചനം കേൾക്കുമ്പോൾ ഒരു വ്യക്തിയിൽ ഉളവാകുന്ന വിശ്വാസം ആവ്യക്തിയെ മാനസാന്തരത്തിലേക്കും ജീവിതത്തിൻെറയും മനസിൻെറയും മാററത്തിലേയ്ക്കും നയിക്കുന്നു.

നിങ്ങളുടെ ജീവിതത്തിൽ വിശ്വാസം ജനിപ്പിക്കേണ്ടതിന് ദൈവ വചനത്തെ സ്വീകരിക്കുമോ? അങ്ങനെ ക്രിസ്തുവിനും പരിശുദ്ധാത്മാവിനും സമർപ്പിക്കപ്പെട്ട ദൈവഹിതമനുസരിച്ച് ജീവിക്കുവാൻതയ്യാറാകുമോ? മാററിവയ്ക്കുവാൻ സമയമില്ല!

# ഒരു വ്യക്തിയുടെ രക്ഷയ്ക്ക് മതിയായതാണോ ക്രിസ്തുവിൻെറ സഭ ?

ഹാലെ

ഒഴിച്ചുകൂടുവാൻ പാടില്ലാത്ത രീതിയിൽ ക്രിസ്തുവിൻെറ സഭ പ്രാധാന്യമുള്ളതാണോ?

പുതിയ നിയമത്തിലെ സഭയെ അവഗണിച്ചുകൊണ്ട് പല ക്രിസ്ത്യാനികളും സ്വർഗ്ഗത്തിലേയ്ക്കുള്ള പാതയിൽ സഞ്ചരിക്കുന്നു എന്നു വിശ്വസിക്കുന്നു. ഒരു സഭയിൽ മാന്യമായ ചില വ്യക്തികൾ അംഗങ്ങളായി ഉണ്ടെങ്കിൽ ആ സഭ യഥാർത്ഥമായ, ശരിയായ സഭ എന്നു മററു ചിലർ വിലയിരുത്തുന്നു. സഭയില്ലാത്ത, ക്രിസ്ത്യാനികളല്ലാത്ത 'മററു നല്ല മനുഷ്യനും' (വിവിധ ജാതികളിൽപ്പെടുന്നവർ) ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തും? ഇത്തരത്തിൽ സഭയെ പററി മാനുഷികമായ, ലൗകികമായ അനേകം ചിന്താഗതിയിൽ ഇന്ന് നിലവിലിരിക്കുന്നു.

തിരുവെഴുത്തുകളിൻപ്രകാരം- അനാദികാലം മുൻപു തന്നെ ദൈവത്തിൻെറ സ്വർഗ്ഗീയമായ പദ്ധതിയിൽ സഭ ഉൾകൊണ്ടിരു

ന്നു. (എഫെസ്യർ 3:9-11). ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ (ദാനീയേൽ 2:44-45), പ്രവചനങ്ങളിൽ (യെശയ്യാവ് 2:1-5) അവ രേഖപ്പെടുത്തിയിരുന്നു. അതിന്റെ ഒരുക്കത്തെക്കുറിച്ചും (മത്തായി 3:2, ലൂക്കോസ് 3:3-6, മത്തായി 16:18-19) കർത്താവിന്റെ പുനരുദ്ധാനത്തിനുശേഷം പെന്തക്കോസ്തു നാളിൽ സംഭവിച്ച സഭയുടെ പൂർണ്ണതയെക്കുറിച്ചും (മർക്കോസ് 9:1, പ്രവൃത്തി 1:8, 2:1-4, 2:36-38, 2:41-47, 11:15) വചനം വ്യക്തമായി തെളിവുനൽകുന്നു.

ഇപ്രകാരം സ്വന്തം രക്തം നൽകി ക്രിസ്തു വിലയ്ക്കുവാങ്ങിയ 'സഭ' എങ്ങനെ പ്രാധാന്യമില്ലാത്തതായി തീരും?

ക്രിസ്തു നിർമ്മിച്ചതാകയാൽ ക്രിസ്തുവിന്റെ സഭ അനിവാര്യമാണ്. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല" (മത്തായി 16:18-19). ഈ സഭ പണിത ക്രിസ്തുവിന്റെ പ്രവൃത്തി ബുദ്ധിശൂന്യമാണ് എന്ന് ചിന്തിക്കേണ്ടിവരും, ക്രിസ്തുവിന്റെ സഭ പ്രാധാന്യമില്ലാത്തതാണ് എന്നു നാം സ്ഥാപിക്കുമ്പോൾ.

ഈ സഭയിൽ ക്രിസ്തു തലയായി ഇരുന്നുകൊണ്ട് അധികാരം നടത്തുന്നു "സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു' (എഫേസ്യർ 1:22-23).

കൊലൊസ്സ്യർക്കു എഴുതിയ ലേഖനം ഒന്നാം അദ്ധ്യായം 18-ാം വാക്യത്തിൽ "അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു, സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു" അനേകർ ഇന്ന് തള്ളികളയുന്നു, അപ്രധാന്യമെന്നു വിശേഷിപ്പിക്കുന്ന 'ക്രിസ്തുവിന്റെ സഭ' യുടെ തലയായി ദൈവപുത്രനായ ക്രിസ്തു വാഴുന്നു എന്നത് ക്രിസ്തുവിന്റെ അറിവില്ലായ്മയോ അതോ ?........

ക്രിസ്തു മൂലക്കല്ലായിട്ടുള്ള സഭ മനുഷ്യരുടെ രക്ഷയ്ക്ക് അനിവാര്യമായിട്ടുള്ള ഒരു വസ്തുതയാണ്. ക്രിസ്തു ജനിക്കുന്നതിന് 700 വർഷങ്ങൾക്കുമുൻപ് യെശയ്യാ പ്രവാചകൻ ഇപ്രകാരം പ്രവചിച്ചു, "ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്കയും വിലയേറിയ മൂലക്കല്ലുമായി ഒരു അടിസ്ഥാന കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല" (യെശയ്യാവ് 28:16).

പുതിയനിയമത്തിൽ സഭയുടെ അടിസ്ഥാനമായി ക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നു. "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴിയുകയി

ല്ല" (1 കൊരി 3:9-11). മനുഷ്യർ മെനഞ്ഞെടുത്ത ഒരു സഭയുടെ അടിസ്ഥാനമായി ക്രിസ്തു ഇരിക്കുന്നു എന്ന് ചിന്തിക്കുന്നത് വെറും ഘടകവിരുദ്ധം മാത്രമാണ്.

ക്രിസ്തുവിന്റെ സഭ മനുഷ്യരക്ഷയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ് എന്നുള്ളതിന്റെ മറ്റൊരു കാരണം— ക്രിസ്തു സഭയ്ക്കുവേണ്ടി സ്വയം നൽകി എന്നുള്ളതാണ്. "ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. (ക്രിസ്തു) തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു" (എഫേസ്യർ 5:25; പ്രവൃത്തികൾ 20:28)

യാതൊരു പ്രാധാന്യവുമില്ലെന്ന് അഭിപ്രായപ്പെടുന്ന ഒരു സഭയ്ക്കുവേണ്ടി ക്രിസ്തു സ്വയമായി ഏൽപ്പിച്ചു കൊടുത്തു എന്നു പറയുന്നത് വിശ്വസിക്കുവാൻ എളുപ്പമല്ല.

ക്രിസ്തുവിന്റെ സഭ മനുഷ്യരക്ഷയ്ക്ക് ആവശ്യമാണ്, എന്തുകൊണ്ടെന്നാൽ- ക്രിസ്തു തന്റെ സ്വന്ത രക്തത്താൽ അതിനെ വിലയ്ക്കുവാങ്ങി എന്നുള്ളതിനാൽ.

"നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ" (പ്രവൃത്തികൾ 20:28, 1 പത്രോസ് 1:18-19)

നൂറു രൂപ കൊടുത്ത് വസ്ത്രം വാങ്ങിയ ഒരു വ്യക്തി ആ വിലയുടെ മൂല്യം അനുഭവിക്കുന്നത് ആ വസ്ത്രം ധരിക്കുമ്പോഴാണ്. ക്രിസ്തുവിന്റെ രക്തത്താൽ വിലക്കുവാങ്ങിയ സഭയിൽ അംഗമായിത്തീരുമ്പോഴാണ് ഒരു വ്യക്തി ക്രിസ്തുവിന്റെ രക്തത്തിന്റെ അനുഗ്രഹത്തിലേയ്ക്ക് പങ്കാളിയായിത്തീരുന്നത്.

ക്രിസ്തുവിന്റെ രക്തത്താൽ പാപമോചനം എന്ന് അവകാശപ്പെടുകയും എന്നാൽ ആ രക്തത്താൽ വിലക്കുവാങ്ങിയ സഭയെ പുറംതള്ളുകയും ചെയ്യുക എന്നത് വിരോധാഭാസമാണ്!

സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്നുള്ളതിനാൽ ക്രിസ്തുവിന്റെ സഭ മനുഷ്യന്റെ രക്ഷയ്ക്ക് ആവശ്യമാണ്. ക്രിസ്തുവിന്റെ ശരീരം പ്രാധാന്യമില്ലാത്തതാണോ? നിങ്ങൾക്ക് നിങ്ങളുടെ ശരീരം പ്രാധാന്യമല്ലേ! "അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു... സഭയായ അവന്റെ ശരീരത്തിൽ" (കൊലൊസ്യർ 1:18,24

ക്രിസ്തുവിന്റെ പരിപാവനവും, വിശുദ്ധവുമാക്കുന്ന കത്രം അവന്റെ സഭയാകുന്ന ശരീരത്തിലാണ്. ക്രിസ്തുവിന്റെ ശരീരത്തിനു പുറത്തല്ല ക്രിസ്തുവിന്റെ രക്തം വസിക്കുന്നത്. ക്രിസ്തുവിന്റെ രക്തത്തിലേയ്ക്ക് നാം കൂട്ടായ്മ ആഗ്രഹിക്കുന്നുവെങ്കിൽ അവന്റെ രക്തം ഉള്ള ശരീരത്തിലേക്ക്, സഭയിലേക്ക്,

അവന്റെ നാമത്തിൽ, അവന്റെ മരണത്തിലേക്ക് നാം സ്നാനം ഏൽക്കേണ്ടിയിരിക്കുന്നു.

ദയവുചെയ്ത് ഈ വാക്യങ്ങൾ തിരുവചനത്തിൽനിന്നും വായിക്കുവാൻ അപേക്ഷിക്കുന്നു. (യോഹന്നാൻ 19:33-34 റോമർ 6:3-4, 1 കൊരി 12:13, 20:27, എഫേസ്യർ 1:7 കൊലൊസ്യർ 1:13-14, 1 പത്രോസ് 1:18-19, വെളിപ്പാട് 7:13-14)

മാന്യവായനക്കാർക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനുള്ള നിങ്ങളുടെ ഉത്തമവും അവസാനവുമായ മാർഗ്ഗം ദൈവത്തിന്റെ വിശുദ്ധമായ വാഗ്ദാനങ്ങളിൽ കൂടിയാണ്.

# സത്യവേദ പുസ്തകവും ക്രിസ്ത്യാനികളും

എം. കെ. കുര്യൻ

ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്ന എല്ലാവരും തന്നെ വേദപുസ്തകം ദൈവ വചനമെന്നു വിശ്വസിക്കയും അംഗീകരിക്കയും ചെയ്യുന്നുണ്ട് എന്നതു വളരെ ആശ്വാസപ്രദമാണ്. കാരണം, ഈ വിശ്വാസവും അംഗീകാരവും സത്യാന്വേഷികൾക്കു പ്രയോജനപ്രദമാണ്.

എങ്കിലും വേദപുസ്തകം നമ്മോടു എന്തു കല്പിക്കുന്നു എന്നു മനസ്സിലാക്കുന്നതിലും ആ കല്പനകളെ അനുസരിക്കുന്നതിലും അവരിൽ ഭൂരിഭാഗവും വിശേഷാൽ പണ്ഡിതന്മാർ പോലും പരാജയപ്പെട്ടിരിക്കുന്നതായി തെളിയുന്നു. ഞങ്ങൾ ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുകയും അതേ സമയം തന്നെ വചനാനുസരണമല്ലാത്ത വിവിധ നാമങ്ങളാൽ അറിയപ്പെടുന്ന നൂറുകണക്കിനു സമുദായ സംഘടനകളായി പരസ്പര സ്നേഹവും ഐക്യതയുമില്ലാതെ ഭിന്നിച്ചു ചിതറിയിരിക്കുന്നതുമായ അവരുടെ അവസ്ഥ തന്നെ ഇതിനു ഒരുത്തമ ദൃഷ്ടാന്തമാണു (യോഹ 17:17-23).

എന്നാൽ യുദ്ധം, ഭൂകമ്പം, കൊടുങ്കാറ്റ്, ജലപ്രളയം, ക്ഷാമം മുതലായ അനിഷ്ട സംഭവങ്ങളാൽ ഈ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അകാല മരണങ്ങളുടേയും നാശനഷ്ടങ്ങളുടേയും വാർത്തകൾ കേൾക്കുമ്പോൾ പരിഭ്രാന്തരായി അവർ ഇപ്രകാരം പറയുന്നത് കേൾക്കാം. വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ഒരു വ്യത്യാസവുമില്ലാതെ എല്ലാം അക്ഷരം പ്രതി സംഭവിച്ചു കൊണ്ടിരിക്കുന്നത് എന്നു. ഈ കാര്യത്തിൽ അവർക്ക് വിശ്വാസവും ഭയവും ഉണ്ട്. അതേ സമയം അതനുസരിക്കാത്തവർക്ക് വരുന്ന ശിക്ഷാവിധിയെക്കുറിച്ചു അവർ മനസ്സിലാക്കുന്നുമില്ല. അതേക്കുറിച്ചു വേദപുസ്തകത്തിൽ നിന്നും വെളിപ്പെടുത്തി കൊടുത്താൽ തന്നെയും അത് വിശ്വസിക്കുവാനും അംഗീകരിക്കുവാനും അവർ തയ്യാറാകാത്തതിൽ അത്ഭുതം തോന്നുന്നു. തന്നെയുമല്ല അതേക്കുറിച്ചു സംസാരിക്കുമ്പോൾ ദൈവ വചനത്തേക്കാളുപരിയായി അവർ മാനിക്കുന്നതു മനുഷ്യ കല്പനകളായ സാമുദായിക ദുരുപദേശങ്ങളെയാണെന്നും തെളിയുന്നു.

ഈ കാര്യത്തിൽ അവർ ദൈവ വചനത്തെ അവരുടെ പുറകിൽ എറിഞ്ഞുകളഞ്ഞിരിക്കുന്നു (മത്താ 15:8-9) (സങ്കീ 50:16-17) ക്രിസ്തു വിശേഷിപ്പിച്ചതുപോലെ വീതിയുള്ള വാതിലൂടെ കടന്നു വിശാലമായ വഴിയിൽക്കൂടി നിത്യനാശത്തിലേക്കു പ്രയാണം ചെയ്യുന്ന ഒരു വലിയ ജനസമൂഹത്തെയാണ് ക്രിസ്തീയ ലോകത്തിൽ ഇന്നു നാം കാണുന്നത് (മത്താ 7:13-14) എന്നാൽ ആരും നശിച്ചുപോകരുതെന്നാണ് ദൈവം ഇച്ഛിക്കുന്നതു " അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിൻെറ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു" എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നതും (1 തിമോ 2:4). എന്നാൽ എന്താണ് സത്യം? സത്യം ദൈവ വചനം തന്നെ. ഇക്കാരണത്താലാണ് വേദപുസ്തകം സത്യവേദപുസ്തകം എന്നുവിളിക്കപ്പെടുന്നത് (സങ്കീ 119:43) (യോഹ 17:17). ആയതിനാൽ സത്യവേദപുസ്തകം ദൈവ വചനമെന്ന് വിശ്വസിക്കയും അത് അംഗീകരിക്കയും അതിൽകൂടി നാം രക്ഷ പ്രാപിപ്പാനുള്ള സത്യം അറികയും ആ സത്യത്തെ അനുസരിക്കയും ചെയ്യുന്നതാണ് നാം രക്ഷ പ്രാപിപ്പാനും സത്യത്തിൻെറ പരിജ്ഞാനത്തിൽ എത്തുവാനും ഉള്ള മാർഗ്ഗം. (2 തെസ്സ 2: 10-12) (1 പത്രൊ 1:22).

ഇക്കാരണത്താലാണ് സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രൻമാരാക്കുകയും ചെയ്യും എന്ന് ക്രിസ്തു പഠിപ്പിച്ചതു (യോഹ. 8:31-32). യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തശേഷമുള്ള ആദ്യത്തെ പെന്തക്കോസ്തുനാൾവരെ ഈ സത്യം ലോകത്തിൽ ആരും അറിഞ്ഞിരുന്നില്ല (യോഹ 1:17). സകലമാനവ രാശിയുടെയും പാപ പരിഹാരാർത്ഥം കുരിശിൽ തൻെറ രക്തം ചൊരിഞ്ഞു മരിക്കയും അടക്കപ്പെട്ടു മൂന്നാം നാൾ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേൽക്കയും ചെയ്തപ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ക്രിസ്തുവിന് നല്കപ്പെട്ടു (മത്താ 28:18). ക്രിസ്തുവിനു ലഭിച്ച ഈ അധികാരത്തെപററി നാം എന്തുമനസ്സിലാക്കുന്നു? ഒരു നിയമം എന്നനിലയിൽ പഴയനിയമത്തിനും ക്രിസ്തുവിൻെറമേലും അതിന്നധീനരായിരുന്ന മററു സകല മനുഷ്യരുടെ മേലും ഉണ്ടായിരുന്ന അധികാരം അതോടെ അവസാനിച്ചു എന്നും അതേ തുടർന്നു സകല സൃഷ്ടിയും ക്രിസ്തുവിൻെറ അധികാരത്തിൻ കീഴിൽ ആയിത്തീരുകയും ചെയ്തു എന്നും നാം മനസ്സിലാക്കണം. (എഫെ. 1:20-23) (എബ്രാ 1:1-4). സകല ജാതികളും ക്രിസ്തുവിൻെറ കല്പനകളെമാത്രം അനുസരിക്കേണ്ടതിന് അതു അവരോടു ഉപദേശിക്കുവാൻ തൻെറ അപ്പോസ്തലൻമാരോടു ക്രിസ്തു ആജ്ഞാപിച്ചതും ഇക്കാരണത്താലാണ് (മത്താ. 28:18-20).

ക്രിസ്തുവിൻെറ ആജ്ഞ അനുസരിച്ച് അപ്പോസ്തലൻമാർ പുറപ്പെട്ടു എല്ലായിടത്തും പ്രസംഗിച്ചു (മർക്കൊ 16:20). അവർ പ്രസംഗിച്ച സുവിശേഷമാണ് നാം രക്ഷ പ്രാപിപ്പാനുള്ള സത്യം. (യോഹ 8:31-32) വേദപുസ്തകം ദൈവ വചനമെന്ന് വിശ്വസിക്കയും അംഗീകരിക്കയും ചെയ്യുന്നവർ അനുസരിക്കേണ്ട സത്യമാണ് ഈ സുവിശേഷം (1 പത്രൊ 1:22) (2 തെസ്സ 2:14). യേശുക്രിസ്തു മുഖാന്തരം വന്ന കൃപയും സത്യവുമാണ് ഈ സുവിശേഷം (യോഹ 1:17) ഈ സുവിശേഷം അനുസരിക്കാത്തവർ നിത്യനാശമെന്ന ശിക്ഷാവിധി അനുഭവിക്കുമെന്ന് സത്യവേദപുസ്തകം പഠിപ്പിക്കുന്നു. (2 തെസ്സ 1:9-10). എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചുപോകുന്നവർക്കത്രേ മറഞ്ഞിരിക്കുന്നു എന്നും

ദൈവത്തിന്റെ വചനം വെളിപ്പെടുത്തിയിരിക്കുന്നു. (2 കൊരി 4:2–3) (1 തെസ്സ 2:13),

ലളിതമായി പറഞ്ഞാൽ സത്യവേദപുസ്തകത്തിൽ എഴുതിയിരിക്കുന്നതെല്ലാം ദൈവ വചനമെന്ന് നാം വിശ്വസിക്കയും അത് അംഗീകരിക്കയും ചെയ്യണം എങ്കിലും നാം അനുസരിക്കേണ്ടത് അപ്പോസ്തലൻമാർ പഠിപ്പിച്ച സുവിശേഷം മാത്രമാണ് (2പത്രോ. 1:20-21) എബ്രാ 13:7–9) (1യോഹ 4:6) (2യോഹ, 8,9(2കൊരി. 5:18 20)(യോഹ. 13:20)(യോഹ. 17:6-23)(യോഹ. 20:21) (1തെസ്സ 2:13 (2തെസ്സ 2:13-15) (ഗലാ 1:6-9) (ഫിലി 3:17). മുതലായ വേദവാക്യങ്ങൾ പരിശോധിക്കുക. എന്നാൽ ഈ ദൈവ വചനങ്ങളെയെല്ലാം തൃണവൽഗണിച്ചുംകൊണ്ടാണ് ഇന്നു ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്ന സമുദായ സംഘടനകൾ എല്ലാം തന്നെ മുമ്പോട്ടുപോകുന്നത്, അവരെക്കുറിച്ചു തിരുവചനം എന്തു പഠിപ്പിക്കുന്നു എന്നു താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽനിന്നും മനസിലാക്കുക.

((പ്രവൃ 20:28-30) (റോമ 16:17-18) (2 കൊരി 11:13-15) (ഗലാ 1:6-9) (ഫിലി 3:17-19) (2 തെസ്സ 1:9-10) (1 യോഹ 4:6) (2 യോഹ 8-11) (യൂദാ 17,19) (യോഹ 12:48) (മത്താ 12:30)

ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ" എന്നു ആഹ്വാനം ചെയ്തുകൊണ്ടാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ എന്നു ക്രിസ്തു വിശേഷിപ്പിച്ച ആദ്യസുവിശേഷപ്രസംഗം പത്രോസ് അവസാനിപ്പിച്ചത് (പ്രവൃ 2:40) (മത്താ 16:18-19). അപ്പോസ്തലൻമാരുടെ സുവിശേഷം ഹൃദയപൂർവ്വം അനുസരിച്ചവർ രക്ഷിക്കപ്പെടുകയും കർത്താവ് അവരെ സഭയോടു ചേർക്കയും ചെയ്തതായി സത്യവേദപുസ്തകം വെളിപ്പെടുത്തിയിരിക്കുന്നു. (റോമ 6:17–18) (പ്രവൃ 2:38-47) ഇത് ക്രിസ്തുവിന്റെ സഭയാണ് (മത്താ.16:18-19) (എഫെ 1:20-23) (റോമ 16:16). ദൈവരാജ്യമെന്നും ദൈവത്തിന്റെ ഭവനമെന്നും വിളിക്കപ്പെടുന്ന ക്രിസ്തുവിന്റെ ഈ സഭ അവന്റെ ശിഷ്യൻമാരുടെ കൂട്ടമാണ് (കൊലൊ 1:13) (വെളി 1:6) (എഫെ 2:19) (മത്താ 28:20) (യോഹ 8:31-32) (പ്രവൃ 9:1) ഈ ശിഷ്യൻമാർക്കാണു പിന്നീടു ക്രിസ്ത്യാനികൾ എന്നു പേരുണ്ടായതു (പ്രവൃ 11:26) ദൈവ വചനമാകുന്ന വിത്തു അപ്പോസ്തലൻമാർ വിതെച്ചപ്പോൾ ഉണ്ടായതു ഇപ്രകാരം ക്രിസ്തുവിന്റെ സഭ അഥവാ ക്രിസ്ത്യാനികൾ മാത്രമാണ്. അവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു (പ്രവൃ 4:32).

ഇപ്രകാരം ആദിമ ക്രിസ്ത്യാനികളുടെ നല്ല മാതൃക എല്ലായിടത്തും പ്രസിദ്ധമായി (മത്താ 5:13-16) (1 തെസ്സ 1:5-9). ഇതിനുള്ള കാരണമോ, ദൈവ വചനത്തിൽ കൂട്ടു ചേർക്കാതെ അപ്പോസ്തലൻമാർ സത്യം വെളിപ്പെടുത്തി എന്നുള്ളതാണു (2 കൊരി 2:17) (2 കൊരി 4:2). എങ്കിലും ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്നവരുടെ ഇപ്പോഴത്തെ അവസ്ഥയോ? അപര നാമങ്ങളാൽ അറിയപ്പെടുന്നതും പരസ്പരം സ്നേഹവും ഐക്യതയും ഇല്ലാത്തതുമായ നൂറുകണക്കിനു സമുദായ സംഘടനകളായി ഭിന്നിച്ചു ചിതറിയിരിക്കുന്ന

അവസ്ഥയിലാണു ഇന്നു ക്രിസ്ത്യാനികൾ അറിയപ്പെടുന്നത്. എന്നിട്ടും അവർ പറയുന്നതു ഞങ്ങളും അപ്പോസ്തലൻമാർ പഠിപ്പിച്ച അതേ സുവിശേഷം തന്നെയാണു പഠിപ്പിക്കുന്നതു എന്നാണ്. അപ്പോസ്തലൻമാർ പഠിപ്പിച്ച അതേ സുവിശേഷം തന്നെ പഠിപ്പിക്കയും തൽഫലമായി ഇപ്രകാരം പരസ്പരം സ്നേഹവും ഐക്യതയും ഇല്ലാത്ത നൂറുകണക്കിനു സമുദായ സംഘടനകൾ ഉണ്ടായി എന്നു പറയുന്നതും നെല്ലു വിതച്ചിട്ടു തൽഫലമായി ചോളം, ചാമ, കോതമ്പു മുതിര, കടല മുതലായവ ഉണ്ടായി എന്നു പറയുന്നതും ഒരു പോലെയാണു. കാരണം അതു ദൈവഹിതമല്ല (മത്താ 12:30) (യോഹ 17:2-23) (ഉൽപ 1:12) (മത്താ 7:15-16).

ആയതിനാൽ വേദപുസ്തകപ്രകാരമുള്ള ഒരു ക്രിസ്തീയ ജീവിതത്തിൽകൂടി ദൈവഹിതം യാഥാർത്ഥ്യമാക്കുവാൻ (1 തീമൊ. 2:4) നമുക്കു ഓരോരുത്തർക്കും ദൈവം കൃപ നൽകുമാറാകട്ടെ.

* * *

## പ്രത്യേക അറിയിപ്പ് :

ഈ മാസിക തുടർച്ചയായി നിങ്ങൾക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ ദയവു ചെയ്ത് ഞങ്ങളെ അറിയിക്കുക. വായനക്കാരുടെ സദുദ്ദേശപരമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചോദ്യങ്ങളും ഞങ്ങൾക്കെഴുതുക.

## എവർക്കും സ്വാഗതം :

പുതിയ നിയമാരാധനയിൽ പങ്കുചേരുവാൻ നിങ്ങളുടെ സമീപമുള്ള ക്രിസ്തുവിന്റെ സഭയെ സമീപിക്കുക. കൂടാതെ വ്യക്തിപരമായ ബൈബിൾ പഠനത്തിനും നിങ്ങൾക്കു സൗകര്യം ലഭിക്കുന്നതാണ്.

## തിരുവനന്തപുരത്ത് :

ഞായർ - 10 a. m. (ആരാധനയും ബൈബിൾ ക്ലാസ്സും)

ചൊവ്വ - 6.30 p.m (ബൈബിൾ പഠനം)

**ചർച്ച് ഓഫ് ക്രൈസ്റ്റ്, സണ്ണി മീഡ്സ് ലെൻ, (സംസ്കൃത കോളേജിനു പുറകിൽ) പാളയം**

YOUR ATTENTION PLEASE!

# Radio Sri Lanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.

Tuesdays— 9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 : 00 to 9 : 15 P.M.

Saturdays — 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Mondays—2 : 30 to 2 : 45 P.M.

Tuesdays—2: 30 to 2 : 45 P.M.

Wednesdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 A.M.

**TAMIL**—*The Way of Truth*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 3301, Bangalore 560033.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P.M.

Fridays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Quilon—1, Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also, the radio sermons are available in book form.

Regd: No. K. Dis. 90095/86/A8

**You are Cordially Invited To Attend**

Worship Services and Bible Studies

Sunday - 10 a. m.

Tuesday - 6.30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From
**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India

To